ഓഗസ്റ്റ് 2019 പുസ്തകം 11 ലക്കം 8

സഹയാത്ര

പാലിയേറ്റീവ് കെയർ മാസിക

ഐഎപിസി (കേരള) യുടെ
സഹകരണത്തോടെ പാലിയം
ഇന്ത്യ പ്രസിദ്ധീകരിക്കുന്നത്

www.favouritehomes.com

Four fabulous choices for fine living

Developed over 1 million sq. ft. of residential space | Attractive pricing policy | ISO compliant processes and services | Tie-ups with leading financial institutions | Strict adherence to schedules | Strong after sales support

THE PETALS
3 BHK Luxury Villas
Beside Kazhakkoottam
Venjarammoodu By Pass
POTHENCODE, TRIVANDRUM

THE PARK
283 BHK Luxury Apartments
NALANCHIRA, TRIVANDRUM

THE TOWN SQUARE
283 BHK Luxury Apartments
KOWDIAR, TRIVANDRUM

THE BELLEVUE
283 BHK Luxury Apartments
MUKKOLA, TRIVANDRUM

MEMBER CREDAI

/favouritehomes

CALL
+91 98466 44000
+91 98461 44000

FAVOURITE HOMES
Home; a relationship for life

Favourite Constructions (P) Limited T.C 26/2469, Statue - Gen. Hospital Road, Trivandrum-695 001 Kerala State, India.
Ph: +91- 471- 3918877 Email: marketing@favouritehomes.com Dubai: PB NO: 14719, Al-Muteena, Deira, Dubai. Ph: +971 427 14775

പാലിയേറ്റീവ് കെയറിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ

ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റു പാലിയേറ്റീവ് കെയർ പ്രവർത്തകർക്കുമായി പാലിയം ഇന്ത്യ നടത്തുന്ന ആറാഴ്ച നീളുന്ന സർട്ടിഫിക്കറ്റ് കോഴ്സ് 2019 സെപ്റ്റംബർ രണ്ട്, നവംബർ നാല് എന്നീ തിയതികളിൽ ആരംഭിക്കും. പാലിയം ഇന്ത്യയോടു സഹകരിച്ചു പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ എം.എൻ.ജെ ഇൻസ്റ്റിറ്റ്യൂട്ട് (ഹൈദരാബാദ്), ബി.എം.സി.എച്ച്.ആർ.സി. (ജയ്പൂർ), ജി.സി.ആർ.ഐ. (അഹമ്മദാബാദ്) എന്നിവിടങ്ങളിലും പാലിയേറ്റീവ് കെയർ സർട്ടിഫിക്കറ്റ് കോഴ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

ഇവയിൽ ചില കോഴ്സുകളിലേക്ക് അർഹതപ്പെട്ടവർക്ക് ഇൻഡോ അമേരിക്കൻ കാൻസർ അസോസിയേഷൻ (IACA) സ്കോളർഷിപ്പ് നൽകുന്നു. യോഗ്യതയുള്ളവരെ ടെലിഫോണിക്ക് ഇന്റർവ്യൂവിലൂടെയാണ് തിരഞ്ഞെടുക്കുന്നത്. കൂടുതൽ വിവരങ്ങൾക്കായി ഈ വെബ്സൈറ്റ് സന്ദർശിക്കുക: http://palliumindia.org/courses/

പാലിയേറ്റീവ് കെയർ വോളന്റിയർ ആകാൻ താൽപര്യമുള്ളവർക്കു വേണ്ടി മൂന്നു ദിവസത്തെ പരിശീലനപരിപാടി ഒന്നിടവിട്ട മാസങ്ങളിൽ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നു.

വിശദ വിവരത്തിന് ബന്ധപ്പെടുക: 8589998760, ഇമെയിൽ: education@palliumindia.org

ഓഗസ്റ്റ് 2019 പുസ്തകം 11 ലക്കം 8

സഹയാത്ര

പാലിയേറ്റീവ് കെയർ മാസിക

താളുകൾ മറിക്കുമ്പോൾ

4 പൊതുവേ പറഞ്ഞാൽ

5 ലഹരിപിടിക്കും വേദന
കെ. ഗോവിന്ദൻ കുട്ടി

8 മരണമെത്തുന്ന നേരത്ത് നീയെന്റെ
അരികിൽ ഇത്തിരി നേരം ഇരിക്കണേ...
ഡോ. എൻ. അജയൻ

13 ഐ.എ.പി.സി. വാർത്തകൾ

15 വിക്കി

18 നിലയ്ക്കാത്ത ഓളങ്ങളും മരിക്കാത്ത ഓർമകളും
ഡോമിനിക് പയ്യപ്പള്ളി

20 പ്രതിരോധത്തിന്റെ കഥ, അതിജീവനത്തിന്റേയും
രജീഷ് സി.കെ.

22 ഉണർവ്വ്

24 ശുശ്രൂഷകരുടെ ശ്രദ്ധയ്ക്ക്

25 പാലിയം കണ്ണാടി
എസ്. ലളിത

പാലിയം ഇന്ത്യ
വി.പി. XIII/80, ഗോൾഡൻ ഹിൽസ്, വെങ്കോട് പി.ഒ,
വട്ടപ്പാറ, തിരുവനന്തപുരം - 695028
Phone: 0472-2586497, 97467 45502
E-mail: info@palliumindia.org www.palliumindia.org

എഡിറ്റർ
ഡോ. എം.ആർ. രാജഗോപാൽ
(Responsible for selection of News under PRB Act)

മാനേജിംഗ് എഡിറ്റർ
ജി.എസ്. മനോജ്

ചീഫ് എഡിറ്റർ
ജീന ആർ. പാപ്പാടി

കോപ്പി എഡിറ്റർ
ടി.സി. രാജേഷ്

അസോസിയേറ്റ് എഡിറ്റർമാർ
ഡോ. സി. മോഹനൻ
നാരായണൻ പുതുക്കുടി
ഡോ. എൻ. അജയൻ
ജാവേദ് പർവേഷ്

ഇല്ലസ്ട്രേഷൻ
കാർട്ടൂണിസ്റ്റ് പി.വി. കൃഷ്ണൻ,
വർഗീസ് വെട്ടുകാട്

രൂപകൽപ്പന
സജൻ കെ സൈമൺ

കവർ: ആർട്ടിസ്റ്റ് അനവദ്യ മഞ്ഞുതുള്ളി ചിത്ര പ്രദർശന വില്പനയിൽ
ഫോട്ടോ: ദീപക് മയ്യനാട്

ഏകോപനം
ബാബു എബ്രഹാം
പ്രീത ബി.

പാലിയം ഇന്ത്യ ട്രസ്റ്റികൾ
ഡോ. എം.ആർ. രാജഗോപാൽ
(ചെയർമാൻ)
പൂനം ബഗായ്
(വൈസ് ചെയർമാൻ)
അഡ്വ. അശോക് ചിതാലെ
ഡോ. മല്ലികാ തിരുവദനൻ
ഡോ. കെ.എസ്. ലാൽ
കേശവ് ദേശിരാജു
ഡോ. സി. മോഹനൻ
ഡോ. സംഘാ മിത്ര
ബിനോദ് ഹരിഹരൻ

'ഞങ്ങളുടെ ഈ പ്രശ്നങ്ങൾ ആരും കാണുന്നില്ലേ?'

കാൻസർ പ്രതിരോധത്തിനും നിയന്ത്രണത്തിനുമുള്ള നയപരിപാടി ആസൂത്രണം ചെയ്യാൻ ദക്ഷിണപൂർവ്വ ഏഷ്യൻ രാജ്യങ്ങളിലെ പ്രതിനിധികളുടെ സമ്മേളനം ജൂൺ 26നും 27നും ഡൽഹിയിൽ നടന്നു. ലോകാരോഗ്യ സംഘടനയുടെ ദക്ഷിണ പൂർവ്വ മേഖലാ ഓഫീസായിരുന്നു സമ്മേളനത്തിന്റെ നടത്തിപ്പുകാർ.

സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തിയത് ഒരു ഇരുപത്തെട്ടുകാരിയായിരുന്നു - റിത്തു ഭല്ല. മന്ത്രിയോ ഉയർന്ന ഉദ്യോഗസ്ഥയോ ആരോഗ്യവിദഗ്ധയോ ഒന്നുമല്ല. പക്ഷെ കാൻസറിനെപ്പറ്റിയുള്ള അനുഭവപരിചയം സമ്മേളനത്തിൽ പങ്കെടുത്ത മറ്റാരേക്കാളും റിത്തുവിനുണ്ടായിരുന്നു.

റിത്തു ഭല്ലയ്ക്ക് നാലാമത്തെ വയസ്സിൽ ആദ്യത്തെ കാൻസർ. പതിനൊന്നാം വയസ്സിൽ രണ്ടാമത്തേത്. രണ്ടു രോഗത്തേയും അതിജീവിച്ച് ഇപ്പോൾ എം.ബി.എ ചെയ്യുകൊണ്ടിരിക്കുന്നു. കുട്ടികളുടെ കാൻസർ രംഗത്ത് പ്രവർത്തിക്കുന്ന അഖിലേന്ത്യാ സംഘടനയായ കാൻകിഡ്സിന്റെ കുട്ടികളുടെ വിഭാഗമായ കിഡ്സ് കണക്ട് നയിക്കുന്നത് റിത്തുവാണ്.

സഭയിലെ ഉദ്യോഗസ്ഥരോടും വിദഗ്ധരോടുമായി റിത്തു കുറേ ചോദ്യങ്ങൾ ചോദിച്ചു.

* എനിക്ക് രണ്ടാമത് ക്യാൻസർ വന്നപ്പോൾ രോഗനിർണ്ണയത്തിന് എന്തുകൊണ്ട് വിദഗ്ധർ എട്ടു മാസമെടുത്തു?
* എന്റെ സുഹൃത്ത് വികാസിന് തന്റെ കാൻസർ കണ്ടുപിടിക്കാൻവേണ്ടി എന്തുകൊണ്ട് 22 ആശുപത്രികൾ മാറിമാറി സന്ദർശിക്കേണ്ടി വന്നു?
* എല്ലിനുള്ളിലേക്ക് വലിയ ഒരു സൂചി കുത്തിക്കടത്തിയാൽ ഉണ്ടാകുന്ന വേദന നിങ്ങൾക്ക് ആലോചിക്കാനൊക്കുമോ? എന്റെ ഒരു സുഹൃത്തിന് ഈ പരിശോധന, അതായത് ബോൺമാരോ ആസ്പിരേഷൻ ചെയ്യുമ്പോൾ എന്തുകൊണ്ട് വേദനയ്ക്ക് ഒരു പ്രതിവിധിയും നൽകിയില്ല?
* എന്റെ പ്രിയ സുഹൃത്ത് കാൻസർ ബാധിതയായ നീതുവിന് എന്തുകൊണ്ട് വേദന തിന്ന് ഇഞ്ചിഞ്ചായി നരകിച്ച് മരിക്കേണ്ടി വന്നു?

സഭയിൽ തികഞ്ഞ നിശ്ശബ്ദതയായിരുന്നു.

'വിദഗ്ധരും നയതന്ത്രജ്ഞരും ഉദ്യോഗസ്ഥരും ചേർന്ന് എന്തൊക്കെയോ ചെയ്തു കൊണ്ടിരിക്കുന്നു. സമ്മേളനങ്ങൾ നടന്നുകൊണ്ടേയിരിക്കുന്നു. കുട്ടികളുടെ ഈ പ്രശ്നങ്ങൾ ആരും കാണുന്നില്ലേ?' റിത്തുവിന്റെ ചോദ്യങ്ങൾക്ക് ആർക്കും മറുപടി ഉണ്ടായിരുന്നില്ല.

'എനിക്ക് നിങ്ങളെ സഹായിക്കാനാവും. സഹായിക്കാൻ എന്നെ അനുവദിക്കൂ,' റിത്തുവിന്റെ അഭ്യർത്ഥിച്ചു.

ഒന്നാലോചിച്ചാൽ നമുക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. കോശങ്ങളുടെ ഭാവവ്യത്യാസങ്ങൾ മൈക്രോസ്കോപ്പിലൂടെ കണ്ടുപിടിച്ച് ഞരമ്പുകളിലൂടെ മരുന്നുകൾ കയറ്റി ചികിത്സിക്കുന്ന വിദഗ്ധർക്ക് രോഗിയുടെയും കുടുംബത്തിന്റെയും വേദനയും ദുരിതവും മനസ്സിലാവുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തുകൊണ്ട് ഇന്നും ഭാരതത്തിൽ രണ്ടു ശതമാനത്തിൽതാഴെ ആളുകൾക്കുമാത്രം പാലിയേറ്റീവ് കെയർ ലഭ്യമാകുന്നു? എന്തുകൊണ്ട് രോഗനിർണ്ണയവും രോഗചികിത്സയും വൈകുന്നു? ഇത്തരം ചോദ്യങ്ങൾ അനുഭവസമ്പന്നരുടെ നാവിൽ നിന്ന് കേട്ടാലേ അധികൃതർ ഉണരൂ. അത് കേൾക്കപ്പെടുന്ന എന്ന് ഉറപ്പു വരുത്തുകയാണ് നമുക്ക് പാലിയേറ്റിവ് കെയർ സംഘടനകൾക്ക് ചെയ്യാനാവുക ●

വാർഷിക വരിസംഖ്യ

'സഹയാത്ര'യുടെ പ്രസിദ്ധീകരണ ചെലവ് ഏറി വരുന്നു. അച്ചടിക്കുന്നതിനും തപാലിൽ അയക്കുന്നതിനുമായി ഒരു കോപ്പിക്ക് ഏകദേശം 15 രൂപയാകും. വായനക്കാരുടെ താത്പര്യം കണക്കിലെടുത്ത് അതിന്റെ ഒരു വർഷത്തെ വരിസംഖ്യ 150 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. ഉദാരമനസ്കരുടെ സഹകരണം കൊണ്ടുമാത്രമാണ് ഈ പ്രസിദ്ധീകരണം മുന്നോട്ടു കൊണ്ടുപോകാൻ കഴിയുന്നത്. അതുകൊണ്ട്, വരിസംഖ്യ പുതുക്കി നൽകിയിട്ടില്ലെങ്കിൽ അതു നല്കണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക: 9746745504

ലഹരി പിടിക്കും വേദന...

'സഹയാത്ര' തുടങ്ങാൻ കാരണക്കാരനായ ഒരാൾ മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ കെ. ഗോവിന്ദൻകുട്ടിയാണ്. ആകാശവാണി ലേഖകൻ, ഇന്ത്യൻ എക്സ്പ്രസിലെ സീനിയർ എഡിറ്റർ, ഇന്ത്യ ടുഡേയിലെ സീനിയർ എഡിറ്റർ എന്നീ പദവികളിലിരുന്നയാളും, ഇംഗ്ലീഷിലും മലയാളത്തിലുമായി ഏതാനും പുസ്തകങ്ങളുടെ രചയിതാവുമായ അദ്ദേഹം 2019 ജൂൺ 24ന മലയാളം ന്യൂസ് എന്ന പ്രസിദ്ധീകരണത്തിൽ എഴുതിയ ലേഖനമാണ് അനുവാദത്തോടെ ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നത്.

കെ. ഗോവിന്ദൻകുട്ടി

അങ്ങനെയിരിക്കേ ഡോക്ടറെ കണ്ടപ്പോൾ അദ്ദേഹം പതിവുപോലെ ഗൗരവം നടിച്ചു. രോഗത്തിനും ചികിത്സക്കും ലാഘവം പാടില്ലെന്നായിരിക്കാം. ഒട്ടൊക്കെ കടുപ്പിച്ച വാക്കുകളിൽ ഡോക്ടർ ചോദിച്ചു: വേദന സംഹാരി വേണമായിരിക്കും. വേദന സംഹാരി ഫലിക്കണമെങ്കിൽ ആംഗലത്തിൽത്തന്നെ പറയേണ്ടിയിരിക്കുന്നു: പെയ്ൻ കില്ലർ.

രോഗിയുടെ മനസ്സറിഞ്ഞുകൊണ്ട് അങ്ങനെ ചോദിച്ച ഡോക്ടറുടെ ഉള്ളിലിരിപ്പ് ഉടനേ പുറത്തുവന്നു. കണ്ടമാനം വേദന സംഹാരി കഴിക്കേണ്ട. വൃക്ക തകരാറാവുന്നത് എപ്പോഴാണെന്നറിയില്ല. വയറ് എപ്പോഴും കോപിക്കാം. അതു വേണോ അതോ വേദനക്ക് ഒരു ഗ്ലളിക വിഴുങ്ങണോ? നീർക്കെട്ട് മാറ്റുന്നതും വേദന കുറയ്ക്കുന്നതും സ്റ്റീറോയ്ഡ് ചേർക്കാത്തതുമായ മരുന്നുകൾ പത്തിരുപതെണ്ണമുണ്ട്. എല്ലാം ഏറിയും കുറഞ്ഞും ഒരേ ഫലം ചെയ്യും. ദുഷ്ഫലവും.

പക്ഷേ ചികിത്സകനാകണമെങ്കിൽ വേദന തീർക്കാൻ പോന്നവനാകണം. പഴയ വഴിയിൽ പിടിച്ചാൽ പിടിച്ചിടത്തു നിൽക്കുന്നതാവില്ല വേദന. മുള്ളു കുത്തിയതിനോ ഉറുമ്പു കടിച്ചതിനോ വൈദ്യന്റെ അടുത്തേക്ക് ഓടാറില്ല. ധന്വന്തരിയുടെ തട്ടകത്തിൽ ചൂടാക്കിയ എണ്ണയും തടവലുമായിരുന്ന പരീക്ഷിക്കാവുന്ന പരിഹാരം. ആരോഗ്യനികേതനത്തിലെ ജീവൻ മശായ് എന്ന വൈദ്യൻ എവിടെയും എടുത്തു പ്രയോഗിക്കാവുന്ന ഒരു ചികിത്സമൊഴി പറഞ്ഞു തന്നു: 'ശത വൈദ്യസമാനനാകുന്ന അഗ്നി.' ഒന്നു ചൂടാക്കിയാൽ നൂറു വൈദ്യന്മാരുടെ ശ്രമത്തിനൊക്കും.

വേദന പുറത്തുനിന്നു കുത്തിക്കേറുകയോ അകത്ത് കത്തിക്കാളുകയോ ചെയ്യുമ്പോൾ ആധുനികഭിഷഗ്വരന്മാർ പറയുന്നതും ചെയ്യുന്നതും അതു തന്നെ. ഡയാതെർമി എന്നും ഫിസിയോതെറാപ്പി എന്നും മറ്റും താരതമ്യേന വൈദേശികമായ വാക്ജാലവും വ്യത്യസ്തമായ ചികിത്സാക്രമങ്ങളും പരീക്ഷിക്കുമെന്നു മാത്രം. ചിലർ വേദനക്ക് പരിഹാരം അഗ്നി മാത്രമല്ല ജലവും ആകുന്നുവെന്നു വിചാരിക്കുന്നു. മാറിമാറി ചൂടു പിടിപ്പിക്കുകയും തണുപ്പ് ഏല്പിക്കുകയുമാണ് മരുന്നിനു പുറമേയോ ഒപ്പമോ ചെയ്യാവുന്ന ചികിത്സാവിധികൾ. ചൂടുവെള്ളത്തിൽ വീണ പൂച്ചക്ക് കുളിർവെള്ളത്തിൽ വീണാലുണ്ടാകുന്ന അനുഭവം മനുഷ്യരോഗിയിൽ ആവർത്തിക്കാൻ പറ്റുമോ എന്നാണ് നോട്ടം. എങ്ങനെയായാലും വേദന മാറ്റണം. അതാണ് ഭിഷഗ്വരന്റെ ദൗത്യം.

മരുന്നും മന്ത്രവും ഫലിക്കാതെ വരുമ്പോൾ, ചിലപ്പോൾ അതു രണ്ടും ഒഴിവാക്കിയും, ചിലർ രോഗവും രോഗിയും തമ്മിലുള്ള ബന്ധത്തിന്റെ സമവാക്യം തന്നെ മാറ്റിയെഴുതാൻ നോക്കുന്നു. വേദനയുടെ അനുഭവത്തിന്റെ ആരംഭം വൈകിക്കുക. അതാണ് കായികാഭ്യാസം ശീലിക്കുന്നവരും പരിശീലിപ്പിക്കുന്നവരും അനുവർത്തിക്കുന്ന ഒരു വഴി. മിലിറ്ററി പരിശീലകനായിരുന്ന സുകുമാരൻ നമ്പ്യാരെ ഓർക്കട്ടെ. സിനിമാ വില്ലൻ എം.എൻ നമ്പ്യാരുടെ മകൻ. ആദ്യകാലത്ത് ചെന്നൈയിലെ ബി.ജെ.പി പ്രവർത്തകൻ. ക്രിക്കറ്റ് ക്ലബ്ബിൽ ഇരുന്ന് നമ്പ്യാർ തന്റെ കായിക സിദ്ധികൾ വിവരിക്കുകയായിരുന്നു. എന്റെ വിരലുകൾ അദ്ദേഹത്തിന്റെ ഉള്ളം കയ്യിൽ ഞെരുങ്ങി. അദ്ദേഹത്തിന്റെ നെഞ്ചിൽ ഞാൻ ആഞ്ഞിടിച്ചപ്പോൾ വേദന എനിക്കായിരുന്നു. നല്ലൊരു അഭ്യാസി വേദനയുമായി പൊരുത്തപ്പെടണം. വേദനയുടെ പടി - threshold of pain - പൊക്കിപ്പൊക്കി നിലനിർത്തണം എന്നു വാദിക്കുന്നു, പുരോഹിതൻ കൂടിയായ ഐവാൻ ഇല്ലിച് എന്ന ചികിത്സാചിന്തകൻ.

സഹിക്കുന്നതായാലും മരുന്നുകൊണ്ട് മാറ്റാൻ നോക്കുന്നതായാലും, വേദന എന്ന മാനസികവും ശാരീരികവുമായ അവസ്ഥയാണ് ചികിത്സകൻ നേരിടുന്ന ആദ്യത്തെയും അവസാനത്തെയും പ്രശ്നം. 'നരജീവിതമായ വേദന'ക്ക് ഒരു മട്ട് അർഭകരെക്കൊണ്ട് ഔഷധം ഒരുക്കാൻ നോക്കുന്ന ചിലർ. ചിലരാകട്ടെ, 'വേദന, വേദന, ലഹരി പിടിക്കും വേദന, ഞാനിതിൽ മുഴുകട്ടെ' എന്ന് ആലപിക്കുന്നു. വേദന കൊണ്ട് ലഹരി കേറുന്നത് വികലമായ കാവ്യഭാവനയാണെന്ന് മറുപക്ഷം. തന്നേയും ഇണയേയും നോവിക്കുമ്പോൾ പുളകം കൊള്ളുന്ന ഫ്രോയ്ഡിയൻ മനശ്ശാസ്ത്രം ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. എന്തായാലും, 'വേദനിക്കിലും വേദനിപ്പിക്കിലും വേണമീ സ്നേഹബന്ധങ്ങൾ ഊഴിയിൽ' എന്നാണ് വേറൊരു കവിമതം. സ്നേഹബന്ധങ്ങളാണ് വേദനക്ക് പരിഹാരം എന്നും ആ വരികളെ വ്യാഖ്യാനിക്കാം.

ആയുഷ്കാലം മുഴുവൻ, ഡോക്ടറാവാതെ ഡോക്ടർമാരുമായി ഇടപഴകിയിരുന്ന ഒരു രസികൻ സുഹൃത്തിനെ ഓർക്കുന്നു. വേദനയെപ്പറ്റി ആരെങ്കിലും പരാതിപ്പെടുന്നതു കേട്ടാൽ മറച്ചുവെയ്ക്കാൻ വയ്യാത്ത ലാഘവത്തോടുകൂടി അദ്ദേഹം പറയും: 'വേദനയുണ്ടെങ്കിൽ രക്ഷപ്പെട്ടു. ഇല്ലെങ്കിലേ പേടിക്കേണ്ടൂ.' വേദന തോന്നാതിരിക്കുന്ന അവസ്ഥയാണല്ലോ നിർജ്ജീവത്വം. നിർജീവത്വത്തിൽനിന്ന് അകന്നു നിൽക്കാനാണ് എല്ലാ ജീവികളുടെയും ശ്രമം. എന്നു വെച്ചാൽ വേദന ലഘുവായി പോലും അനുഭവപ്പെടാത്ത സ്ഥിതിയിൽനിന്ന് ഒഴിഞ്ഞുനിൽക്കുക.

വേദന എന്ന വാക്കു വെച്ച് നമ്മൾ എങ്ങനെയൊക്കെ പകിട കളിക്കുന്നു! സംസ്കൃതത്തിലും മലയാളത്തിലുമായി പത്തിരുപത് ഉപസർഗങ്ങൾ ചേർത്ത് എത്രയോ അർഥാന്തരങ്ങൾ രൂപപ്പെടുത്താൻ കഴിയുന്നു! 'അറിയുക' എന്ന് അർഥം വരുന്ന 'വിദ്' ധാതുവിൽനിന്ന് വേദവും വേദനയും സംവേദനവും നിവേദനവും നിർവേദവും ഉരുത്തിരിയുന്നു. ഇതിലൊന്നും പെടാതെ, പക്ഷേ എല്ലാ മനുഷ്യസംഘർഷങ്ങൾക്കും പ്രതീകമായി നിൽക്കുന്ന തലവേദന; തലയിലും കാലിലും മുറിഞ്ഞുപോയ കൈകാലുകളിലും അനുഭവപ്പെടാവുന്ന തലവേദന. പ്രപഞ്ചത്തിന്റെ ഭാവഗരിമ മുഴുവൻ ആവാഹിച്ചെടുക്കുന്ന വേദന എന്ന ആ പദപ്രയോഗം എന്നു തോന്നും.

ഡോ. എം.ആർ രാജഗോപാൽ നേതൃത്വം നൽകുന്ന പാലിയം ഇന്ത്യ എന്ന സംഘടനക്ക് ഒരു മുഖപത്രം ഒരുക്കുമ്പോൾ വേദനയുടെ ഭാവരൂപഭംഗികളെപ്പറ്റിയായിരുന്ന ആലോചന. ജീവിതം അവസാനത്തെ വേദനയായി മാറുമ്പോൾ, മറ്റു ചികിത്സാവിധികളെല്ലാം നിഷ്ഫലമെന്നു വരുമ്പോൾ, സാന്ത്വനം പകരുന്നതാണ് പാലിയേറ്റിവ് കെയർ. കടുത്ത വേദന ശമിപ്പിക്കാൻ മരുന്നു കൊടുക്കുകയും മരുന്നിനെക്കാൾ കൂടുതൽ ശുശ്രൂഷക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്ന ഈ ചികിത്സാപദ്ധതി രൂപപ്പെടുത്തിയതും ഒരു നഴ്സ് തന്നെ - സിസിലി സോൻഡഴ്സ്. ഇപ്പോൾ ഏതാണ്ടൊരു സ്വതന്ത്രചികിത്സാശാഖയായിത്തന്നെ വളർന്നിരിക്കുന്നു സാന്ത്വന ശുശ്രൂഷ.


സഹയാത്ര
പാലിയം ഇന്ത്യയുടെ പത്രിക
പുസ്തകം 1 വാല്യം 1 നവംബർ 2007
പൊതുവെ പറഞ്ഞാൽ
കുടെ ചോദ്യങ്ങൾ 2
പാലിയം ഡയറി 4
വാത്സല്യ സന്ധ്യ 7
നുറോർക്ക് റ്റൈംസ് 9
തടി കുറക്കുക 10

വേദന ഭേദപ്പെടുത്താനും വേദനയുമായി പൊരുത്തപ്പെടാനും ശീലിപ്പിക്കുന്ന സംരംഭത്തിന്റെ മുഖപത്രിക്കയ്ക്ക് വേറെ എന്തു പേരു കൊടുക്കും, 'വേദന' എന്നല്ലാതെ? സംഗജന്യമായ വേദന മുതൽ പരമമായ നിർവേദം വരെയുള്ള അനുഭവപ്രപഞ്ചം മുഴുവൻ ഉൾക്കൊള്ളുന്നതാകട്ടെ 'വേദന' എന്ന പത്രം എന്നു ഞാൻ നിർദ്ദേശിച്ചു. ലഹരി പിടിപ്പിക്കുന്നതും പിടിപ്പിക്കാത്തതുമായ വേദനയും, വേദന മാറ്റുകയും കേറ്റുകയും ചെയ്യുന്ന മരുന്നും മന്ത്രവും, എല്ലാം നിഷ്ഫലമെന്നു തെളിയുമ്പോൾ അനുഭവപ്പെടുന്ന ലഘുത്വവും ആവിഷ്കരിക്കുന്നതാവണം 'വേദന.'

നേരത്തേതന്നെ രാജഗോപാൽ വേറൊരു ശീർഷകം മനസ്സിൽ കണ്ടിരുന്നു. ആർക്കും എതിർക്കാൻ വിശേഷിച്ചൊരു കാരണവും തോന്നാത്ത പേര്: 'സഹയാത്ര'. ഒപ്പം നടക്കുക.

ഒറ്റപ്പെടുന്നവരുടെയും കഷ്ടപ്പെടുന്നവരുടെയും ഒപ്പം നടക്കുന്നതാണ് സഹയാത്ര. ഒരുമിച്ച് എല്ലാം ചെയ്യാനുള്ള വേദോപദേശത്തിന്റെ അനുരണനം അതിൽ കേൾക്കാം. മാറാത്ത നോവിൽ ഒരു വാക്ക്, ഒരു നോട്ടം പോലും, സാന്ത്വനമാകും. ഒരുമിച്ചു നടക്കാൻ ഒരാളുണ്ടെന്ന അറിവോ, പരിഹാരവും.

അതെ, സഹയാത്ര വേദനയുടെ പരിഹാരമാകുന്നു ●

കുബ്ലർ റോസിന്റെ ജന്മദിനവും മരണത്തെപ്പറ്റിയുള്ള ചർച്ചയും

ആധുനിക വൈദ്യശാസ്ത്രത്തിലും മനോരോഗ ചികിത്സയിലും വിദഗ്ധയും ലോകമറിയുന്ന മനഃശാസ്ത്രജ്ഞയുമായിരുന്ന എലിസബത്ത് കുബ്ലർ റോസിന്റെ ജന്മദിനമാണ് ജൂലായ് എട്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലുണ്ടായ ഏറ്റവും മികച്ച മനഃശാസ്ത്ര പഠനമാണ് ഡോ. എലിസബത്ത് കുബ്ലർ റോസിന്റെ 'On Death And Dying' - മരണവും മരണവേളയും. അയത്നലളിതമായ ശൈലിയിൽ ഉഷാ എസ്. നായർ നിർവഹിച്ച ഇതിന്റെ മലയാള വിവർത്തനം 'സഹയാത്ര' മാസികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചിരുന്നു. ഏതാനും വർഷങ്ങൾക്കു മുൻപ് ലോകത്തോടു വിടപറഞ്ഞ കുബ്ലർ റോസിന്റെ ജന്മദിനത്തിനു മുന്നോടിയായി തിരുവനന്തപുരത്ത് പാലിയം ഇന്ത്യ 'Life & Death with DigniTEA' (അന്തസ്സോടെ ജീവിതവും മരണവും) എന്ന വിഷയത്തിൽ ഒരു കൂടിച്ചേരൽ സംഘടിപ്പിച്ചു.

കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ എം.ഡി: പ്രശാന്ത് നായർ ഐ.എ.എസ് ആയിരുന്ന മോഡറേറ്റർ. പാലിയം ഇന്ത്യ ചെയർമാൻ ഡോ. എം.ആർ രാജഗോപാൽ, ജസ്റ്റിസ് ഹരിഹരൻ നായർ (KSCEBCFC ചെയർമാൻ), ആർ. പാർവ്വതീദേവി (പി.എസ്.സി മെമ്പർ), ഡോ. സി.വി പ്രശാന്ത് (പാലിയേറ്റീവ് കെയർ ഫിസിഷ്യൻ, ആർ.സി.സി), ബാലൻ മാധവൻ (നേച്ചർ കൺസർവേഷൻ ഫോട്ടോഗ്രാഫർ), ഡോ. സോണി ജോസ് (ലയോള കോളേജിലെ സോഷ്യൽ വർക്ക് വിഭാഗം തലവൻ) എന്നിവരായിരുന്ന ചർച്ചയിൽ പങ്കെടുത്ത അതിഥികൾ.

അപൂർവ്വമായ ഒരു കൂട്ടായ്മയായാണ് ഉദ്ഘാടകനായ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ മധു ചടങ്ങിനെ വിശേഷിപ്പിച്ചത്. സാന്ത്വനപരിപാലനം ഗ്രാമീണമേഖലയിൽ ശക്തമായി വരികയാണെന്നും അനുതാപത്തിന്റേതായ ഒരു തലം കൂടുതൽ ഉരുത്തിരിയേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഡോക്ടർമാർ, നഴ്സുമാർ, വോളന്റിയർമാർ, രാഷ്ട്രീയ നേതാക്കൾ എന്നിവരുടെ ഒരു വലിയ ശൃംഖല തന്നെ നിലവിലുണ്ട്. യുവഡോക്ടർമാരുടെ മനോഭാവങ്ങളിൽ മാറ്റമുണ്ടാകുകയും അവർക്ക് വ്യക്തമായ കാഴ്ചപ്പാടുമുണ്ടാകുകയും വേണം. പാലിയേറ്റീവ് കെയറിന് ഒരു ഏകീകൃത സ്വഭാവമില്ലെന്ന കാര്യം അദ്ദേഹം എടുത്തു പറഞ്ഞു. പാലിയം ഇന്ത്യയുടെ പ്രവർത്തനങ്ങളെ പ്രശംസിച്ച അദ്ദേഹം, ആയുർദൈർഘ്യം ഏറ്റവും ആവശ്യമായ നിലയ്ക്ക് ആയുസ്സിന്റെ വിലയും പ്രധാനമാണെന്ന കാര്യം കൂട്ടിച്ചേർത്തു. പാലിയം ഇന്ത്യ സിഇഒ ജി.എസ് മനോജ് സ്വാഗതവും ട്രിവാൻഡ്രം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് സയൻസ് അഡീഷണൽ ഡയറക്ടർ ഡോ. എം.എം. സുനിൽ കുമാർ നന്ദിയും പറഞ്ഞു.

പുതിയ ചിന്തകളുടെ തീപ്പൊരികൾ വാരിവിതറിയ ആ സംവാദത്തിന്റെ സമഗ്ര റിപ്പോർട്ട് തുടർന്നുള്ള പേജുകളിൽ വായിക്കുക

"മരണമെത്തുന്ന നേരത്തു നീയെന്റെ അരികിൽ ഇത്തിരി നേരം ഇരിക്കണേ..."

ഡോ. എൻ . അജയൻ

ആ സായംസന്ധ്യ ഒരു അവിസ്മരണീയ മുഹൂർത്തമായിരുന്നു. മരണത്തെക്കുറിച്ചു സംസാരിക്കാനായി കുറേപ്പേരുടെ ഒത്തുചേരൽ.

മരണം പ്രകൃതിജന്യമായ അനിവാര്യതയാണെന്നറിയുമ്പോഴും മരണത്തെപ്പറ്റിയുള്ള നമ്മുടെ അറിവ് പരിമിതമാണ്. മരണത്തെപ്പറ്റി പറയുന്നതും കേൾക്കുന്നതും എന്തോ അപലക്ഷണമായിട്ടാണ് പലരും ഇന്നും കരുതുന്നത്. മരണം അനിവാര്യമാണെങ്കിലും അപകടമാകരുത്. കൂട്ടുകുടുംബവ്യവസ്ഥിതിയിൽ നിന്ന് അണുകുടുംബങ്ങളിലേക്ക് മാറിയിരിക്കുന്ന വർത്തമാനകാലത്ത് മരണം പലപ്പോഴും ഒരു വാഗ്വാദമായി മാറുന്നു. മരണം എങ്ങനെ? എപ്പോൾ? അതു കഴിഞ്ഞെന്താണെന്ന് പറഞ്ഞു തരാൻ മരിച്ചവരാരും തിരിച്ചു വന്നിട്ടില്ലല്ലോ!

"ഇങ്ങോട്ട് യാത്ര പുറപ്പെട്ടപ്പോൾ കാറിലെ റേഡിയോവിലൂടെ 'ഓർമ്മകൾ മരിക്കുമോ? ഓളങ്ങൾ നിലയ്ക്കുമോ?' എന്ന ഗാനമാണ് ഒഴുകി വന്നത്. ഉടൻ അത് സ്വിച്ച് ഓഫ് ആക്കുന്നു. വിമാനം ആടിയുലഞ്ഞപ്പോൾ പിന്നെയും മരണഭീതി. വിമാനമിറങ്ങി കാറിൽ പുറപ്പെടുമ്പോൾ അതാ മുന്നിലൂടെ ഒരു ശവമഞ്ചവും വഹിച്ചുള്ള വണ്ടി. അതെ, നമ്മൾക്കെല്ലാം മരണത്തെ ഭയമാണ്. പേരക്കുട്ടിയുടെ പരീക്ഷ കഴിയും വരെ മരണം നീട്ടി വെയ്ക്കാനാവശ്യപ്പെടുന്ന വർത്തമാനകാലം മരണത്തെ ഡിബേറ്റ് ആക്കിയിരിക്കുന്നു. യാത്രയ്ക്കിടയിലെ അപശകുനങ്ങൾ പോലും നമുക്ക് മരണഭയത്തിന്റെ ആകുലതയുണ്ടാക്കുന്നു"- നർമ്മത്തിൽ ചാലിച്ച വാക്കുകളോടെ പ്രശാന്ത് നായർ സംവാദത്തിനു തിരികൊളുത്തുകയായിരുന്നു. മരണമെന്ന വിഷയത്തെ ഭീതിയോടെ നോക്കുന്നവർക്കിടയിലേക്ക് അതിനെ നർമരസത്തിൽ പൊതിഞ്ഞ്, എന്നാൽ ഗൗരവം ഒട്ടും ചോരാതെയുള്ള ഒന്നാക്കി മാറ്റുകയായിരുന്ന തുടർ സംവാദത്തിൽ ഓരോരുത്തരും ചെയ്തത്.

കാലങ്ങൾക്കു ശേഷം വൃദ്ധസദനത്തിൽ വച്ചു കണ്ടുമുട്ടിയ എൺപതും എഴുപത്തിരണ്ടും വയസ്സുള്ള പ്രണയേതാക്കളുടെ കഥ പ്രശാന്ത് പറയുമ്പോൾ അതൊരു കൗതുകമുള്ള നൊമ്പരമായി മാറി. 'ഞാൻ ഒരു പൂമ്പാറ്റയാണ്. ആ പൂമ്പാറ്റ സ്വപ്നം കാണുകയാണ്. ഞാനാണാ പൂമ്പാറ്റ.' അതെ, പ്രശാന്ത് കണ്ടത് നല്ല സ്വപ്നങ്ങൾ മാത്രമാണ്.

മരണത്തെപ്പറ്റി എന്തുകൊണ്ട് സംസാരിക്കുന്നു? സംസാരിക്കാൻ എന്തിനു മടിക്കുന്നു? എല്ലാവർക്കും മരണത്തെ പേടിയാണ്. 'അകലെ വെള്ളമുണ്ടെന്ന് കരുതി ഇപ്പോഴേ മുണ്ടു മടക്കിക്കുത്തണോ?' എന്നു ചിലർ ചോദിക്കുന്നു. ഗുരുതരാവസ്ഥയിലുള്ള ഒരാളുടെ ജീവൻ നിലനിൽക്കാനുള്ള സാധ്യതയില്ലെങ്കിൽ അമേരിക്കയും, യൂറോപ്പുമുൾപ്പടെ പല വിദേശരാജ്യങ്ങളിലും 75 മുതൽ 80 ശതമാനം വരെ കേസുകളിലും കൃത്രിമ മാർഗ്ഗങ്ങൾ ഉപേക്ഷിക്കുന്നു. എന്നാൽ ഇന്ത്യയിലാകട്ടെ ഇത് 22 ശതമാനം മാത്രമാണെന്ന് ഡോ. എം.ആർ. രാജഗോപാൽ പറഞ്ഞു. ഗുരുതരമായ രോഗം ബാധിച്ചവരെ ചികിത്സിക്കുന്നതിനുള്ള പ്രോട്ടോക്കോൾ സംബന്ധിച്ച് 2016ൽ പാർലമെന്റിൽ കൊണ്ടുവന്ന ബില്ലിലെ സങ്കീർണ്ണത ഒഴിവാക്കി നിയമം പ്രാബല്യമാക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഭൂട്ടാനിലെ ആളുകൾ ദിവസം അഞ്ചു നേരമെങ്കിലും മരണത്തെപ്പറ്റി ചിന്തിക്കുന്നവരാണ്. അതുകൊണ്ടു തന്നെ ആഗോള സന്തോഷ സൂചികയിൽ മുകളിലാണ് ഭൂട്ടാന്റെ സ്ഥാനം. മരണത്തെപ്പറ്റി സംസാരിക്കാൻ മടിക്കുമ്പോഴും, ശാന്തമായും അന്തസ്സോടെയും മരിക്കാനുള്ള അവകാശം ഇല്ലാതാകാൻ

മരണത്തിനു തൊട്ടുമുമ്പുള്ള ഇടവേളയിൽ ചെയ്യ തീർക്കേണ്ട കാര്യങ്ങളെ കുറിച്ച് പലർക്കും വ്യത്യസ്ത സ്വപ്നങ്ങളായിരിക്കും; കുറെ പിണക്കങ്ങൾ പറഞ്ഞു തീർക്കണം; നന്ദി പറയുകയോ ക്ഷമ പറയുകയോ വേണം. അങ്ങനെയങ്ങനെ... ഒത്തിരി. കിട്ടുന്ന സ്നേഹവും കൊടുക്കാനുള്ള സ്നേഹവും കൈമാറുവാൻ ഐ.സി.യുവിൽ അവസരം കിട്ടുന്നില്ല. സത്യത്തിൽ ഇതൊരു ക്രൂരതയാണ്. മരണശേഷം ചെയ്യ തീർക്കേണ്ട കാര്യങ്ങൾക്ക് ഒരു 'ഡെത്ത് വിൽ' ഉണ്ടാകേണ്ടത് അഭികാമ്യമായിരിക്കുന്നു.

പാടില്ല. നമ്മളിൽ പത്തിലൊരാൾക്ക് പെട്ടെന്നു മരണം സംഭവിക്കുന്നു.

അപകടമരണങ്ങൾ ഒഴിവാക്കിയാൽ ഇന്നു രണ്ടുതരം മരണങ്ങളാണുള്ളത്. ഒന്ന് ഇന്റൻസീവ് കെയർ യൂണിറ്റിലെ തണുത്തു മരവിപ്പിക്കുന്ന മരണവും മറ്റൊന്ന് പാലിയേറ്റീവ് കെയർ ലഭിച്ചുള്ള ശാന്തമായ മരണവും. മരണം എങ്ങിനെയായിരിക്കണമെന്നത് തീരുമാനിക്കുന്നതു പോലും പഞ്ചനക്ഷത്ര ആശുപത്രികളാണെന്ന തരത്തിൽ മരണം കച്ചവടവൽക്കരിക്കപ്പെട്ടു കഴിഞ്ഞതായി ഡോ. രാജഗോപാൽ ആകുലപ്പെട്ടു. മരണത്തിനു തൊട്ടുമുമ്പുള്ള ഇടവേളയിൽ ചെയ്യ തീർക്കേണ്ട കാര്യങ്ങളെ കുറിച്ച് പലർക്കും വ്യത്യസ്ത സ്വപ്നങ്ങളായിരിക്കും; കുറെ പിണക്കങ്ങൾ പറഞ്ഞു തീർക്കണം; നന്ദി പറയുകയോ ക്ഷമ പറയുകയോ വേണം. അങ്ങനെയങ്ങനെ... ഒത്തിരി. കിട്ടുന്ന സ്നേഹവും കൊടുക്കാനുള്ള സ്നേഹവും കൈമാറുവാൻ ഐ.സി.യുവിൽ അവസരം കിട്ടുന്നില്ല. സത്യത്തിൽ ഇതൊരു ക്രൂരതയാണ്. മരണശേഷം ചെയ്യ തീർക്കേണ്ട കാര്യങ്ങൾക്ക് ഒരു 'ലിവിംഗ് വിൽ' ഉണ്ടാക്കേണ്ടത് അഭികാമ്യമായിരിക്കുന്നു.

മസ്തിഷ്ക മരണവും ദയാവധവും സംവാദത്തിൽ നിന്ന് ഒഴിവാക്കുന്നതായി ഡോ. എം.ആർ രാജഗോപാൽ അറിയിച്ചു. മെഡിക്കൽ പാഠ്യപദ്ധതിയിൽ ഇപ്പോഴാണ് പാലിയേറ്റീവ് കെയർ ഉൾപ്പെടുത്തുന്നത്. കൃത്രിമ ജീവൻരക്ഷാനിയമങ്ങൾക്കു പകരം പാലിയേറ്റീവ് കെയർ നൽകണം എന്നത് ഡോക്ടർമാരും കുടുംബവും ചേർന്ന് തീരുമാനിക്കേണ്ടതാണ്. അതുകൊണ്ടു തന്നെ ലിവിംഗ് വിൽ സംബന്ധിച്ച ചർച്ച പൊതുമണ്ഡലത്തിലും കുടുംബത്തിലും ഉയർന്നു വരേണ്ടത് പരമപ്രധാനമാണ്. അതു പോലെ തന്നെ മരണത്തിന്റെ കച്ചവട സാധ്യത ഏറി വരികയാണ്. എങ്ങിനെ രോഗിയുടെ ഹൃദയമിടിപ്പു വലിച്ചു നീട്ടി നിലനിർത്താനാകും എന്നതാണ് തങ്ങളുടെ കടമ എന്ന് യുവഡോക്ടർമാർ ധരിച്ചുവശായിരിക്കുന്നു. രോഗശമനവും എല്ലായ്പ്പോഴും സ്വാസ്ഥ്യവും എന്നതാവണം ലക്ഷ്യം. എല്ലാ ചർച്ചകൾക്കുമൊടുവിൽ തല്ലും വക്കാണവുമേ നടക്കുന്നുള്ളൂ എന്നദ്ദേഹം പരിതപിച്ചു.

ഇഷ്ടപ്രകാരമുള്ള മരണത്തിന്റെ നിയമവശങ്ങളാണ് ജസ്റ്റിസ് ഹരിഹരൻ നായർ പരാമർശിച്ചത്. ടീച്ചർമാരായ സി.ജെ. തോമസ്സും(80) ഭാര്യയും (72) തങ്ങൾക്ക് ഇഷ്ടാനുസരണം മരിക്കുവാനുള്ള അനുമതി തേടി കോടതിയെ സമീപിച്ചുവെങ്കിലും അനുവദിക്കപ്പെട്ടില്ല. ആത്മഹത്യാശ്രമം കുറ്റകരമാണ്. ഇഷ്ടാനുസരണം മരിക്കുവാനുള്ള അവകാശവുമില്ല. മരണം അടുക്കുമ്പോൾ കൃത്രിമമാർഗ്ഗങ്ങൾ ഒഴിവാക്കി ബോധപൂർവമായ മരണം അനുവദിക്കുന്നുണ്ടെങ്കിലും കടമ്പകൾ കടന്നു വിധിയാകുമ്പോഴേക്കും രോഗി വേദനിച്ചു മരിച്ചിരിക്കും. ഇതു ലളിതവൽക്കരിച്ചു വിധിയുണ്ടാകണമെന്ന പാലിയം ഇന്ത്യയുടെ മാർഗ്ഗനിർദേശങ്ങൾ അനുവദിക്കേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു.

റീജ്യണൽ കാൻസർ സെന്ററിലെ ഫിസിഷ്യൻ എന്ന നിലയിൽ ഒരുപാടു മരണങ്ങൾ കണ്ടിട്ടുള്ളയാണ് ഡോ. പ്രശാന്ത്. ഒരു സാന്ത്വന പരിചരണ ഡോക്ടർ പോലും ലഭ്യമല്ലാത്തിടമാണ് നമ്മുടെ ആശുപത്രികളിലേറെയും. മരണാസന്നരുടെ അന്ത്യാഭിലാഷങ്ങൾ നടത്തികൊടുക്കാനുള്ള നിയമവശങ്ങൾക്ക് ഏറെ കടമ്പകളുണ്ട്. വീട്ടിൽ വെച്ചുള്ള മരണത്തിനും ആശുപത്രിയിലേക്കുള്ള വഴിമധ്യേയുള്ള മരണത്തിനും മറ്റും സർട്ടിഫിക്കറ്റ് നൽകുന്നതിനും ഡോക്ടർക്ക് കടമ്പകളേറെയാണ്. പലതിനും പോസ്റ്റ്മോർട്ടംപോലും വേണ്ടിവരുന്നു.

അതുപോലെ ഡോക്ടർമാരെ ബുദ്ധിമുട്ടിലാക്കുന്നവർ രോഗിയുടെ കൂട്ടിരിപ്പുകാരാണ്. പലപ്പോഴും അപ്പോൾ കാണുന്നവരായിരിക്കും കൂട്ടിരിപ്പുകാരായി ചമയുന്നത്. ആരാണ് രോഗിയുടെ യഥാർത്ഥ കെയർഗിവറും തീരുമാനമെടുക്കേണ്ടയാളും എന്നതിലും പലപ്പോഴും ഡോക്ടർക്ക് ആശങ്കയുണ്ടാകുന്നുണ്ട്. രോഗി രക്ഷപ്പെടാൻ അല്പമെങ്കിലും സാധ്യതയുള്ള അടിയന്തിരഘട്ടത്തിൽ വെന്റിലേറ്റർ ഉപയോഗിക്കാം. ഇത് നിശ്ചയിക്കേണ്ടത് ഡോക്ടർ തന്നെയാണ്. രോഗം ഭേദമാകില്ലെന്നുറപ്പുള്ള സാഹചര്യത്തിൽ പാലിയേറ്റീവ് കെയർ നൽകി നല്ല മരണം ലഭ്യമാക്കണം. സാന്ത്വന രംഗത്തു പ്രവർത്തിക്കുന്ന തനിക്കു പോലും ഭാര്യാപിതാവിന്റെ മരണസമയത്ത് ഐ.സി.യുവിലെ വെന്റിലേറ്റർ സഹായം തേടേണ്ട നിസ്സഹായത ഡോ.പ്രശാന്ത് വിവരിച്ചു. പക്ഷെ ഐ.സി.യു വിലെ തിക്തമായ അനുഭവം മനസ്സിലാക്കി വെന്റിലേറ്റർ സഹിതം വീട്ടിലെത്തിച്ച് വെന്റിലേറ്റർ സഹായമില്ലാതെ മരിക്കാനനുവദിച്ചപ്പോഴാണ് ആശ്വാസമായത്.

മരണം രേഖപ്പെടുത്തുന്നതിലെ വ്യത്യസ്തതയും ഇതി

നിടയിൽ ചർച്ചയായി. 'Patient expired peacefully' എന്നാണ് താൻ രേഖപ്പെടുത്താറെന്ന് ഡോക്ടർ പ്രശാന്ത് പറഞ്ഞു. 'Patient died peacefully' എന്ന മനസിലാകുന്ന ഭാഷയാണ് ഉചിതം എന്ന് ഡോ. എം.ആർ. രാജഗോപാലും അഭിപ്രായപ്പെട്ടു. ആന ചെരിഞ്ഞു, രാജാവ് നാടുനീങ്ങി, ബിഷപ്പ് കാലം ചെയ്തു, സ്വാമി സമാധിയായി, ബാലൻ ചത്തു എന്നൊക്കെ വിശേഷിപ്പിക്കുന്നതിനെപ്പറ്റി എൻ. പ്രശാന്തും ബാലൻ മാധവനും സൂചിപ്പിച്ചപ്പോൾ മരണത്തിന്റെ കൗതുകം സദസ്സിൽ കൂട്ടച്ചിരി ഉയർത്തി.

ഒരാളുടെ മരണം നിർണ്ണയിക്കുന്നത് അകത്തേക്കെടുക്കുന്ന വായുവാണോ അവസാനമായി പുറത്തു വിടുന്ന വായുവാണോ? എന്ന കാരക്കോണം മെഡിക്കൽ കോളേജിലെ ഡോ. ഗോപിയുടെ ചോദ്യത്തിന് ഡോ. പ്രശാന്ത് ഇങ്ങനെ മറുപടി പറഞ്ഞു: "ഒരു ബ്രഹ്മാസ്ത്രമാണ് തൊടുത്ത് വിട്ടിരിക്കുന്നത്. മുട്ടയോ കോഴിയോ ആദ്യമുണ്ടായത് എന്നതു പോലെ സങ്കീർണ്ണം. പരിചിതമായ ശബ്ദവും സ്പർശവും ഇല്ലാതായി ശ്വാസം വലിച്ചു നിൽക്കുന്നതാണ് മരണം' എന്നു ഞാൻ കരുതുന്നു."

മരണമെന്ന വിഷയം പൊതുസമൂഹം ചർച്ചയാക്കുന്നു എന്നതാണ് പ്രധാനമെന്ന് ആർ. പാർവതീദേവി പറഞ്ഞു. മരണം ഒരു റിയാലിറ്റിയായി അംഗീകരിക്കുകയാണ് അഭികാമ്യം. 'സ്വച്ഛന്ദമൃത്യു' അവകാശമായി അംഗീകരിക്കുന്ന നിയമമുണ്ടാക്കണം. പുരാണങ്ങളിലൊക്കെ സ്വച്ഛന്ദമൃത്യു പരാമർശിക്കപ്പെട്ടിട്ടുണ്ട്. മാനസികമായ ബുദ്ധിവികാസമില്ലാത്തവർക്ക് മരണഭയമില്ല. ബുദ്ധിയുടെ ഭാഗമാണ് മരണഭയം. ഈ ഭയം എല്ലാ ജീവജാലങ്ങൾക്കുമുണ്ട്. ഒരു കണക്കിന് മരണഭയം നല്ലതാണ്. അങ്ങിനെയില്ലെങ്കിൽ അനുഭവം വേറിട്ടതാകും - പാർവ്വതി പറഞ്ഞു. 'ആരോഗ്യമേഖലയുടെ സ്വകാര്യവൽക്കരണം മനുഷ്യനെ ശാന്തമായി മരിക്കാനനുവദിക്കുന്നില്ല. തന്റെ പിതാവ് പി. ഗോവിന്ദപിള്ളയുടെ അവസാനദിനങ്ങളിലെ തിക്താനുഭവങ്ങൾ പാർവ്വതി ദേവി പങ്കുവെച്ചു. സ്വച്ഛന്ദമൃത്യു ഏതു പോയിന്റിൽ ആകണമെന്നതിനു ചിന്തകളുണ്ടാകണം. വെന്റിലേറ്റർ സഹായം മരണത്തെ നീട്ടുന്നു; ജീവിതത്തെയല്ല. യാഥാർത്ഥ്യബോധത്തോടെ ലിവിംഗ് വിൽ പ്രായോഗികമാക്കണം. സ്വബുദ്ധിയും ചിന്തിക്കാനുമുള്ള കഴിവുമുണ്ടെന്ന് ഡോക്ടറുടെ സാക്ഷ്യപത്രം ഉണ്ടെങ്കിൽ ലിവിംഗ് വില്ലിനു നിയമസാധുതയുണ്ടെന്ന ജസ്റ്റിസ് ഹരിഹരൻ നായരുടെ വാക്കുകൾ വിൽപത്രം തയ്യാറാക്കുന്നതിനുതകുമെന്നവർ ചൂണ്ടിക്കാട്ടി.

മരണത്തിന്റെ സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങളെക്കുറിച്ചാണ് ഡോ. സോണി ജോസ് സംസാരിച്ചത്. മക്കൾ വിദേശത്താണെങ്കിൽ മരണം പലപ്പോഴും ഒരു തർക്കമായി മാറുന്നു. മരണം നീട്ടിവെയ്ക്കാനോ മരണസമയം നിശ്ചയിക്കാനോ ത്വര കൂടുന്നു. വളരെ ചെറുപ്പത്തിലെ തന്നെ മരണം സംസാരവിഷയമാക്കണമെന്ന് ഡോ. സോണി ജോസ് അഭിപ്രായപ്പെട്ടു. പുരുഷനേക്കാൾ കൂടുതൽ സ്ത്രീക്ക് ജീവിക്കേണ്ടിവരുന്നുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഒരു സ്ത്രീയുടെ ആക്റ്റീവ് ലിവിങ് 80 വയസ്സു വരെയാണെന്നതും ശ്രദ്ധേയമാണ്. കുഞ്ഞുങ്ങൾക്ക് സ്വയം പര്യാപ്തതയുണ്ടാകണമെങ്കിൽ അവരെ ഒരിക്കലും ഇൻഷ്വർ ചെയ്യരുത് എന്നാണ് തന്റെ അഭിപ്രായമെന്ന് ഡോ. സോണി പറഞ്ഞു. പടിഞ്ഞാറൻ രാജ്യങ്ങളിലെ സാമൂഹ്യ സുരക്ഷ ഏറെ മെച്ചപ്പെട്ടതാണ്. സർക്കാരേതര സംഘടനകളും അംഗൻവാടികളുമൊക്കെ സാമൂഹ്യ സുരക്ഷയെപ്പറ്റിയുള്ള ബോധവൽക്കരണം ശക്തിപ്പെടുത്തണം. കുട്ടികൾക്കും പ്രായമായവർക്കും ചിന്തിക്കുവാൻ ഒരു പൊതു ഇടം ഉണ്ടാകണം.

'കണ്ണട വെച്ച ഒരു കടുവയെ നിങ്ങൾ കണ്ടിട്ടുണ്ടോ?' എന്ന നർമ്മോക്തി കലർന്ന ചോദ്യവുമായാണ് പ്രകൃതി സ്നേഹിയും ഫോട്ടോഗ്രാഫറുമായ ബാലൻ മാധവൻ ചർച്ച തുടങ്ങിയത്. "കാട്ടിൽ ഒരു പരുക്കേറ്റ മൃഗം അപ്പോൾ തന്നെ ഒഴിവാക്കപ്പെടുകയാണ് ചെയ്യുന്നത്; മാനായാലും, മയിലായാലും. 57ലെത്തി നിൽക്കുന്ന എനിക്ക് മരണത്തെപ്പറ്റി പറയുവാനെന്തുണ്ടു വേറെ? അൻപതാം വയസ്സിൽ മൂന്നുതവണ മാറു പിളർന്നുള്ള ഹൃദയശസ്ത്രക്രിയക്കു വിധേയനായ അച്ഛൻ നാലാമതും മാറു പിളർക്കാൻ തുനിഞ്ഞപ്പോൾ എതിർത്തു. ഒരു പക്ഷെ ഹനുമാൻസ്വാമിക്കും എന്റെ അച്ഛനും മാത്രമേ ഇങ്ങനെ മാറു പിളർത്തി കാട്ടാൻ കഴിയൂ എന്നാണ് ഞാൻ വിശ്വസിക്കുന്നത്. അച്ഛന്റെ മരണശേഷം സായിഗ്രാമത്തിലേക്കു പോയ അമ്മയ്ക്ക് ഒരാഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. അന്ത്യമടുക്കുമ്പോൾ വീട്ടിലെത്തിച്ച് പാലിയേറ്റീവ് കെയർ നൽകണമെന്ന്."

"മക്കൾ പറക്കമുറ്റിയാൽ പറത്തി വിടണം. അവർ പറന്നുല്ലസിക്കട്ടെ. ഞങ്ങൾ 52 ബാല്യകാല സുഹൃത്തുക്കൾ ചേർന്ന് വൃദ്ധസൗഹൃദമായ ഒരു സദനം പണിയാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു ദിവസം

"മക്കൾ പറക്കമുറ്റിയാൽ പറത്തി വിടണം. അവർ പറന്നുല്ലസിക്കട്ടെ. ഞങ്ങൾ 52 ബാല്യകാല സുഹൃത്തുക്കൾ ചേർന്ന് വൃദ്ധസൗഹൃദമായ ഒരു സദനം പണിയാൻ തീരുമാനിച്ചിരിക്കുകയാണ്. ഒരു ദിവസം ഏതെങ്കിലും ഒരു മുറിയിൽ നിന്ന് ഒരു കരച്ചിൽ വരും. അപ്പോൾ ഓർക്കുക, ഞങ്ങളിൽ ഒരാൾ പോയി. അപ്പോൾ ബാക്കിയുള്ളവർ ഒരു സ്കോച്ച് പൊട്ടിക്കും. മരണത്തെ ആഘോഷമാക്കാനാണ് ഞാനും സുഹൃത്തുക്കളും ആഗ്രഹിക്കുന്നത്."

ഏതെങ്കിലും ഒരു മുറിയിൽ നിന്ന് ഒരു കരച്ചിൽ വരും. അപ്പോൾ ഓർക്കുക, ഞങ്ങളിൽ ഒരാൾ പോയി. അപ്പോൾ ബാക്കിയുള്ളവർ ഒരു സ്കോച്ച് പൊട്ടിക്കും. മരണത്തെ ആഘോഷമാക്കാനാണ് ഞാനും സുഹൃത്തുക്കളും ആഗ്രഹിക്കുന്നത്."

മാൻകുട്ടിയെ ആക്രമിക്കാനൊരുങ്ങുന്ന സിംഹത്തിനു മുന്നിലേക്കു ചാടി വീണ് കുഞ്ഞിനെ രക്ഷിക്കുന്നതിനു സ്വയം സമർപ്പിക്കുന്ന പേടമാന്റെ ചിത്രം നമ്മുടെയൊക്കെ മുമ്പിലുണ്ട്. പക്ഷെ മനുഷ്യന്റെ കാര്യത്തിലോ? ലോകത്ത് ഏതൊരു ജീവിവർഗത്തിലും മാതാപിതാക്കൾ മക്കളെ സംരക്ഷിക്കാറുണ്ടെങ്കിലും മനുഷ്യരിൽ മാത്രമാണ് മക്കൾ മാതാപിതാക്കളെ സംരക്ഷിക്കണമെന്ന നിർബന്ധമുള്ളതെന്ന് ബാലൻ മാധവൻ ചൂണ്ടിക്കാട്ടി. ഈ തിരിച്ചറിവിലായിരിക്കും അദ്ദേഹം മരണത്തിന്റെ മുന്നൊരുക്കത്തിന് തുനിഞ്ഞത്. പക്ഷേ ഡോ.എം.ആർ. രാജഗോപാൽ ഈ വീക്ഷണത്തോട് യോജിച്ചില്ല. "മക്കൾ പറന്നു പൊയ്ക്കോട്ടെ. പക്ഷെ വൃദ്ധസദനത്തിലും ഒരു ഡോക്ടറുടെ സേവനം ആവശ്യമായി വന്നേക്കാം. പ്രായമായ മാതാപിതാക്കളെ ഓർത്ത് മക്കൾ അനുഭവിക്കുന്ന മനഃക്ലേശം കൂടി മനസ്സിലാക്കിയാൽ നന്ന്. ആ ഊഷ്മളത കൂടിയില്ലാതെ മരണത്തിനെന്താഘോഷം?" ഡോ. എം.ആർ. രാജഗോപാൽ ചോദിച്ചു.

കേൾവിക്കാരായി ചടങ്ങിനെത്തിയ ഒട്ടേറെ പേർ അനുഭവങ്ങളും ആശങ്കകളും പങ്കു വെച്ചു. 89 വയസ്സുകാരിയായ ഡോ.സാറാ വർഗീസ് താൻ ഇപ്പോഴും നീന്തലിനു പോകാറുണ്ടെന്നും മ്യൂസിക് ട്രൂപ്പ് ഉൾപ്പടെ വിവിധ ഗ്രൂപ്പുകളിൽ സജീവമാണെന്നും പറഞ്ഞപ്പോൾ കാണികൾ കരഘോഷത്തോടെയാണ് എതിരേറ്റത്. ജീവിച്ചിരിക്കുമ്പോൾ തന്നെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്താൻ എന്തു ചെയ്യാനാകുമെന്നു ചിന്തിക്കണമെന്നും പത്തു വർഷം മുമ്പ് ഭർത്താവ് നഷ്ടമായ ഡോ. സാറ പറഞ്ഞു.

ആരോഗ്യമുള്ളവരെ അപേക്ഷിച്ച് ശ്വാസകോശത്തിലെ ഒരു അണുബാധ തന്നെ എത്രത്തോളം കൂടുതൽ ബാധിക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടെന്നും ഇപ്പോഴുള്ള ജീവിതനിലവാരം കുറഞ്ഞുപോകരുതെന്ന് ആഗ്രഹിക്കുന്നുണ്ടെന്നും വീൽചെയർ ഉപയോഗിക്കുന്ന ആഷ്ല റാണി പറഞ്ഞു. എന്തൊക്കെ ചികിത്സ തനിക്കു വേണ്ടെന്ന് മുൻകൂട്ടി എഴുതി വെച്ചു കഴിഞ്ഞു ആഷ്ല.

2013 ഓഗസ്റ്റ് 24ന് പാലിയം ഇന്ത്യ സമാന വിഷയത്തിൽ കനകക്കുന്നു കൊട്ടാരത്തിൽ നടത്തിയ സെമിനാറിൽ പങ്കെടുത്തുകൊണ്ട് ഈയിടെ അന്തരിച്ച ബാബു പോൾ പറഞ്ഞ ചില അന്ത്യാഭിലാഷങ്ങൾ നടക്കാതെ പോയ കാര്യം സഹയാത്ര കോപ്പി എഡിറ്റർ ടി.സി രാജേഷ് അനുസ്മരിച്ചു. ത്വക്ക് ഉൾപ്പടെയുള്ള അവയവങ്ങൾ ദാനം ചെയ്യ അദ്ദേഹം തന്റെ ലിവിംഗ് വിൽ മൊബൈലിൽ റിക്കാർഡ് ചെയ്തിരുന്നു. ഇന്റൻസീവ് കെയർ യൂണിറ്റിലെ അന്ത്യത്തേയും അദ്ദേഹം എതിർത്തിരുന്നു. നിർഭാഗ്യവശാൽ വിപരീത നടപടികളാണുണ്ടായത്. അതെങ്ങനെ സംഭവിച്ചു എന്നിപ്പൊഴും അജ്ഞാതമാണെന്ന് രാജേഷ് പറഞ്ഞു.

നിർദ്ധനരെയും വൃദ്ധരെയും പരിഗണിക്കുന്ന കാര്യവും സദസ്സിൽ ചിലർ ഉയർത്തി. വനമേഖലകളിൽ ജോലി ചെയ്യുന്ന ഒരു യുവ ഡോക്ടർ പറഞ്ഞത് സ്വതന്ത്രമായി ജോലി ചെയ്യാനുള്ള സാഹചര്യമല്ല നിലവിലുള്ളതെന്നാണ്. ജീവിതാന്ത്യ ശ്രുശ്രൂഷയെക്കുറിച്ചും മരണത്തെക്കുറിച്ചുമൊക്കെ ഒരു പൊതുഅവബോധം കുടുംബത്തിലും കുട്ടികൾക്കുമുണ്ടാകണമെന്ന് അദ്ദേഹം പറഞ്ഞു. സി.ബി.എസ്.ഇ ക്ലാസ്സിൽ മരണത്തെപ്പറ്റി സംസാരിച്ചതിന് സ്ക്കൂളധികൃതരുടെ ശകാരം ഏറ്റു വാങ്ങേണ്ടി വന്ന സംഭവം നിളാ ഫൌണ്ടേഷനിലെ സെലീന പങ്കുവെച്ചു. കുട്ടികളിൽ നിന്നു വേണം ഇതേപ്പറ്റിയുള്ള അവബോധങ്ങൾ തുടങ്ങാനെന്നും അവർ ഓർമിപ്പിച്ചു. ഇന്റൻസീവ് കെയറിലെ മരണം സ്റ്റാറ്റസ് സിംബലായി മാറിക്കൊണ്ടിരിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ മരണത്തെക്കുറിച്ച് ഇത്തരത്തിൽ ഒരു സംവാദം തികച്ചും അന്വർത്ഥമാണ്. സംവാദത്തിന്റെ ചിന്തുകൾ തലച്ചോറിൽ മിന്നൽപിണറിന്റെ വേഗതയിൽ തുളച്ചു കയറുമ്പോൾ മനസ്സിൽ റഫീഖ് അഹമ്മദിന്റെ വരികളായിരുന്നു. പാലിയം ഇന്ത്യയുടെ ജി.എസ്.മനോജ് അത് ഹൃദ്യമായി പാടുകയും ചെയ്തു:

'മരണമെത്തുന്ന നേരത്തു നീയെന്റെ അരികിൽ
ഇത്തിരി നേരം ഇരിക്കണേ
കനലുകൾ കോരി മരവിച്ച വിരലുകൾ
ഒടുവിൽ നിന്നെ തലോടി ശമിക്കുവാൻ...'

(സഹയാത്രയുടെ അസോസിയേറ്റ് എഡിറ്ററാണ് ലേഖകൻ. ബന്ധപ്പെടാനുള്ള നമ്പർ: 9447324846)

കവിത

ശാസ്ത്രവിജയം

പി. നാരായണക്കുറുപ്പ്

വർഷമയ്യായിരം മുമ്പാണ, തിക്ഷ്വാകു
വംശം മുതൽക്ക് ലോകങ്ങളെമ്പാടുമേ
അക്ഷിതുറന്നു കാണുന്ന പഠിക്കുന്ന
തക്ഷശിലയിൽനിന്നിന്ത്യ തൻ വൈഭവം
പക്ഷി ചിലക്കുന്ന ഭാഷ തൻ വ്യാകര
ണാത്ഭുതം സൂക്ഷ്മ സ്വരലയ ചാതുരി;
കന്നുകൾ, കാളക്കിടാങ്ങൾ, പശുക്കളും
കണ്ണാലറിയിച്ചിടും ചിത്ര ഭാഷയും
ഇന്ദ്രിയമഞ്ചും കടന്നിന്ദ്ര ലോകവും
മന്നിടമെട്ടും കടന്നഭ്ര വീഥിയും
നക്ഷത്രരാശി തിളങ്ങുന്നതും ഭ്രമി
ചിട്ട തെറ്റാതെ കറങ്ങിത്തിരിവതും
കണ്ടതു ലോകത്തെയാകെപഠിപ്പിച്ചു
കൊണ്ടായിരുന്നന്നു കൈലാസ ഭംഗികൾ.

പിന്നെപ്പരിഷ്കാര ജെറ്റിലേറീ നമ്മൾ
വന്യമാം പ്രാകൃതത്വത്തേ വെടിഞ്ഞിതാ
ചെന്നുപറ്റീ നവോത്ഥാനങ്ങളിൽ; നേടി
എന്തൊക്കെയെന്നു പ്രൊഫസർ വിളമ്പുന്നു;
കുണ്ഠിതമൊട്ടൊതുക്കാൻ പണിപ്പെട്ടു, തൻ
പുഞ്ചിരി കൊണ്ടു ദുഃഖത്തെയൊതുക്കുന്ന
വൻപിലദ്ദേഹം വിശദീകരിക്കുന്നു
ശമ്പളം പറ്റുന്നതിന്റെ കടമ പോൽ;
ന്യൂക്ലിയസ്സിന്റെ ഘടനയും വൻസ്ഫോട
നോഗ്രതയിങ്കൽ വിറച്ച സ്വർഗങ്ങളും
പത്തുതവണയീ ലോകം കരിക്കുവാൻ
ഒത്തു ചേരുന്നൊരണ്വായുധ വേലയും
വിദ്യകളൊക്കെ വെടിഞ്ഞു പരിഷ്കൃത
മൃത്യുവെ ലക്ഷ്യമാക്കും പുതു ശാസ്ത്രവും ..

ശബ്ദമിടറീ ഗുരുവിന്, തൻമിഴി
പെട്ടെന്നടഞ്ഞു, കസേരയിൽ ചാഞ്ഞു വീ
ണിഷ്ടനനങ്ങാതെ – ചത്തെന്നു തോന്നവേ
ശാസ്ത്രവിജയമാഘോഷിപ്പു കുട്ടികൾ.

സർവചരാചാര വസ്തുവിൽ, എന്നിലും
നിർവിവാദം ഒരേ ജീവൻ തുടിക്കുന്ന
ലോകവും ഭ്രതവസ്തുക്കളും ഒന്നെന്ന
ബോധമുള്ളോർ, ഭാരതത്തിൽ ജനിച്ചവർ
അമ്പരന്നില്ലന്നു മൃത്യുവെ കണ്ടിട്ടുമമ്പോ!
നവോത്ഥാനമെന്നേ കരുതിപോൽ! ●

ബ്രിട്ടീഷ് പാർലമെന്റിലെ ഹൗസ് ഓഫ് കോമൺസിൽ നടന്ന ചടങ്ങിൽ സംസ്കൃതി യുവ സൻസ്ഥയുടെ ഭരത് ഗൗരവ് അവാർഡ് പാർലമെന്റ് അംഗമായ വിരേന്ദ്ര ശർമ്മ ഡോ. എം.ആർ. രാജഗോപാലിന് നൽകി.

പാലിയം ഇന്ത്യ ജീവനക്കാർക്കുവേണ്ടി മാനസികാരോഗ്യ ബോധവൽക്കരണ ക്ലാസ്സ് നടന്നു. ഡോ. അനിൽ പ്രഭാകരൻ (തിരുവനന്തപുരം മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം മേധാവി) വിഷയം അവതരിപ്പിച്ചു. ഡോ. അഞ്ജു മാത്യു (അസോസിയേറ്റ് പ്രൊഫസർ, സൈക്യാട്രി), ഡോ ടിങ്കു (സീനിയർ റെസിഡന്റ്, സൈക്യാട്രി) എന്നിവർ സംസാരിച്ചു.

ഭിന്നശേഷിക്കാരുടെ അവകാശങ്ങൾക്കായി നിരന്തരം പ്രവർത്തിക്കുന്ന ഡോ. സതേന്ദ്ര സിംഗിന്റെ പ്രയത്നങ്ങളുടെ ഫലമായി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ബിരുദ പാഠ്യപദ്ധതിയിൽ "ഭിന്നശേഷിക്കാരുടെ അവകാശങ്ങളും അന്തസ്സോടെയുള്ള ജീവിതവും" എന്ന വിഷയം ഉൾപ്പെടുത്താൻ തീരുമാനിച്ചു.

ഗൃഹകേന്ദ്രീകൃത പരിചരണം ഗുണനിലവാരം മെച്ചപ്പെടുത്തൽ: ചില മാർഗ്ഗരേഖകൾ

കേരളത്തിലെ സാന്ത്വനപരിചരണം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നു വേറിട്ട് നിൽക്കുന്നത്, ഗൃഹകേന്ദ്രീകൃത പരിചരണത്തിന്റെ പ്രത്യേകത കൊണ്ടാണ്. പരിചരണം ആവശ്യമുള്ളവരുടെ കിടക്കപ്പായക്കരികെ എത്തിക്കുക എന്ന രീതിയാണ്, 'കേരള മോഡൽ പാലിയേറ്റീവ് കെയർ' എന്ന പേരിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും, മറ്റ് രാജ്യങ്ങളിൽ പോലും അറിയപ്പെടാനിടയായത്. കേരളത്തിലെ എല്ലാ ജില്ലകളിലും സന്നദ്ധ പ്രവർത്തക കൂട്ടായ്മകളിലൂടെ ഗൃഹകേന്ദ്രീകൃത പരിചരണം നടക്കുന്നുണ്ട്. വ്യത്യസ്ത രീതിയിലാണെന്ന് മാത്രം. ഇന്ത്യയിലാദ്യമായി സാന്ത്വനപരിചരണത്തിന് ഒരു മാർഗ്ഗരേഖ നിർദ്ദേശിക്കപ്പെട്ട സംസ്ഥാനമെന്ന നിലയിൽ സർക്കാർതല പരിചരണരീതിയിലും ഹോംകെയർ നടന്നുവരുന്നുണ്ട്. ഐ.എ.പി.സി (കേരള) യുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ജില്ലാ ഇനീഷ്യേറ്റീവുകളുടെ ഏകോപനത്തിൽ, യൂണിറ്റുകളിലെ ഹോം കെയറുകളുടെ ഗുണനിലവാരം നല്ല നിലയിലാണെന്നത് ഉറപ്പുവരുത്തുന്നതിനും, കുറവുകളുണ്ടെങ്കിൽ ഇടപെടുന്ന യൂണിറ്റുകളുടെ ഭാരവാഹികളുടെയും വോളന്റിയർമാരുടെയും നഴ്സുമാരുടെയും ഡോക്ടർമാരുടെയും സാന്നിധ്യത്തിൽ ചർച്ച ചെയ്ത് പരിഹരിച്ച് മുന്നോട്ട് പോകുന്നതിനും വേണ്ടി തയ്യാറാക്കിയ നിർദ്ദേശങ്ങളുടെ ഒരു അവലോകനമാണ് ഈ കുറിപ്പിന്റെ ലക്ഷ്യം.

നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി, സംസ്ഥാനസമിതി ഭാരവാഹികൾ, ജില്ലകളിലെ യൂണിറ്റുകളിലെ ഹോം കെയർ ടീമിന്റെ കൂടെ രോഗീസന്ദർശനം നടത്തി പരിചരണ രീതികൾ മനസ്സിലാക്കുകയും സന്ദർശനാവസാനം മുകളിൽ സൂചിപ്പിച്ചതുപോലെ അവലോകനം നടത്തുകയും വേണം.

യൂണിറ്റുകളിലെ പരിചരണനിലവാരം അറിയുന്നതിലേക്കായി ഹോംകെയർ ടീമിനോടോ അതല്ലെങ്കിൽ യൂണിറ്റ് ഭാരവാഹികളോടോ പരിശോധകർ ചോദിച്ചിരിക്കേണ്ടതും അറിഞ്ഞിരിക്കേണ്ടതുമായ പ്രധാന വിവരങ്ങൾ ക്രോഡീകരിക്കാവുന്ന വിധം താഴെ പറയുന്നു: മുൻഗണന അനുസരിച്ച്, ഹോം കെയർ ടീം പോവുന്നതിനെക്കുറിച്ച് മുൻകൂട്ടി നിശ്ചയിച്ചിരിക്കണം. കൂടാതെ സന്ദർശിക്കേണ്ടുന്ന വീടുകളിൽ വിളിച്ച് രോഗീസാന്നിധ്യവും മറ്റും ഉറപ്പുവരുത്തണം. ടീമിലെ നഴ്സ്, വോളന്റിയർമാർ എന്നിവർ പരിചരണം നടത്തേണ്ടുന്ന വീട്ടിലെത്തിയാൽ ചെയ്തിരിക്കേണ്ട കാര്യങ്ങൾ മുൻകൂട്ടി ചർച്ച ചെയ്ത് തീരുമാനിച്ചിരിക്കണം. ഏതു തരത്തിലുള്ള പരിചരണമാണ് ലഭ്യമാക്കുന്നത് എന്നത് തീരുമാനിച്ചിരിക്കണം. അതായത്, രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ രോഗികൾക്കും പരിചരണം നൽകുന്നത് ദിവസേന, ആഴ്ചയിൽ അല്ലെങ്കിൽ മാസത്തിൽ ഒരു തവണ എന്ന രീതിയിലാണോ എന്നത്. ടീമിൽ ആരൊക്കെ ഉൾപ്പെട്ടിരിക്കണം എന്നത് തീരുമാനിച്ചിരിക്കണം. ഹോംകെയർ കിറ്റുകളിൽ ഉണ്ടായിരിക്കേണ്ട മരുന്നുകൾ, സാമഗ്രികൾ, അണുനശീകരണം നടത്താൻ സ്വീകരിക്കേണ്ടുന്ന രീതി എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയിരിക്കണം. ഹോംകെയർ പ്രവർത്തനങ്ങളിൽ അയൽപക്ക ബന്ധങ്ങളുടെ ഇടപെടലുകൾ ഉണ്ടാവുന്നുണ്ടോ എന്നത് പരിശോധിക്കാവുന്നതും ഉപയോഗപ്പെടുത്താവുന്നതുമാണ്. ഏതു തരം ഹോംകെയറാണ് നൽകേണ്ടത് (അതായത് ഡോക്ടർമാർ, നഴ്സുമാർ, വോളന്റിയർമാർ എന്നിവരുടെ സാന്നിദ്ധ്യം) എന്നത് തീരുമാനിക്കണം. വോളന്റിയർ സ്വന്തമായി പോവുന്നുണ്ടെങ്കിൽ, എത്രതവണ പോവുന്നുണ്ട്, ഏതൊക്കെ കാര്യങ്ങളിൽ ഇടപെടാൻ സാധിക്കാറുണ്ട്, രോഗിയുടെ ശാരീരിക പ്രയാസങ്ങൾക്കൊപ്പം മറ്റു കാര്യങ്ങളിലും ഇടപെടാൻ സാധിക്കാറുണ്ടോ തുടങ്ങിയവ പരിശോധിക്കേണ്ടതും പരിഗണിക്കേണ്ടതുമാണ്.

മേൽക്കാണിച്ച കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിക്കേണ്ടുന്ന മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. ആയതിൽ പ്രധാനപ്പെട്ടത് ഇങ്ങിനെ സംഗ്രഹിക്കാവുന്നതാണ്. രോഗിയും കുടുംബാംഗങ്ങളുമായുള്ള ആശയവിനിമയം നഴ്സിന്റെയും വോളന്റിയർമാരുടെയും ശാരീരിക, മാനസിക, സാമൂഹിക, ആത്മീയകാര്യങ്ങളിലുള്ളത്.

ഹോംകെയർ റിപ്പോർട്ട് നഴ്സ് എഴുതുന്ന രീതി എങ്ങിനെയാണ്? അത് യൂണിറ്റിന്റെ പ്രതിമാസ റിവ്യൂ മീറ്റിങ്ങുകളിൽ ചർച്ച ചെയ്യപ്പെടാറുണ്ടോ? പ്രസ്തുത യോഗങ്ങളിൽ ടീമിന്റെ ഇടപെടലുകളിലുണ്ടായേക്കാവുന്ന

പോരായ്മകൾ ചൂണ്ടിക്കാണിക്കാറുണ്ടോ? ചർച്ചകൾ നടത്തി പരിഹരിക്കപ്പെടാറുണ്ടോ? പോവുന്ന വീട്ടിൽ ചെലവഴിക്കുന്ന സമയം എത്രയാണ്? ഒരു ദിവസം കാണാവുന്ന രോഗികളുടെ എണ്ണം എത്രയാണ്? ടീമിലുള്ള വോളന്റിയർമാരുടെ എണ്ണം എത്രയാണ്, അതിൽ സ്ത്രീ വോളന്റിയർമാർ ഉണ്ടാവാറുണ്ടോ? ടീമിലുൾപ്പെടാൻ താൽപര്യമുള്ള എല്ലാ വോളന്റിയർമാർക്കും അവസരം ലഭിക്കാറുണ്ടോ? ടീമിന്റെ പ്രവർത്തനങ്ങളിൽ വോളന്റിയർമാർ സംതൃപ്തി പ്രകടിപ്പിക്കാറുണ്ടോ? അവർ രോഗീപരിചരണങ്ങളിൽ അഭിപ്രായങ്ങൾ രേഖപ്പെടുത്താറുണ്ടോ? വിദഗ്ധ പരിശോധനയ്ക്കോ, മോർഫിൻ തുടങ്ങിയ വേദനസംഹാരികൾക്കോവേണ്ടി മറ്റ് യൂണിറ്റുകളിൽ രോഗിക്കോ ബന്ധുക്കൾക്കോ പോകേണ്ടിവരികയാണെങ്കിൽ ആവശ്യമായ രേഖകൾ കൊടുത്തയക്കാറുണ്ടോ?

എന്തൊക്കെ കാര്യങ്ങളാണ് ഹോംകെയറിൽ ചെയ്യുന്നത്? മൂത്രട്യൂബ് ഇട്ട രോഗിയ്ക്ക് അതിന്റെ പരിചരണം എങ്ങനെ ചെയ്യണം എന്ന് വീട്ടുകാരെ നഴ്സ് പറഞ്ഞു പഠിപ്പിക്കാറുണ്ടോ? ശയ്യാവ്രണത്തിന്റെ പരിചരണം പറഞ്ഞു കൊടുക്കാറുണ്ടോ? മരുന്ന് കഴിയ്ക്കുന്നതിന്റെ കൃത്യത ഉറപ്പുവരുത്താറുണ്ടോ? കത്തീറ്റർ അത്യാവശ്യഘട്ടങ്ങളിൽ പുറത്തെടുക്കാൻ വീട്ടുകാരെയും കൂടെയുള്ളവരെയും വോളന്റിയർമാരെയും പറഞ്ഞു മനസ്സിലാക്കാറുണ്ടോ? വീട്ടിൽ വെച്ച് അണുനശീകരണം (സ്റ്റെറിലൈസേഷൻ) നടത്തുന്ന രീതിയെ കുറിച്ച് നഴ്സ് പറഞ്ഞുകൊടുക്കാറുണ്ടോ? കിടപ്പിലായവരുടെ അടിസ്ഥാന പരിചരണം വീട്ടുകാരെ പറഞ്ഞ് മനസ്സിലാക്കാറുണ്ടോ? ചെയ്യേ കാണിക്കാറുണ്ടോ? കേസ് ഷീറ്റ് കൃത്യതയോടുകൂടിയാണോ എഴുതുന്നത്? രോഗിയുടെ മുന്നിൽ വെച്ചാണോ ഹോം കെയർ റിപ്പോർട്ടും കേസ് ഷീറ്റും എഴുതുന്നത്? രോഗിയുടെ ശാരീരിക പ്രശ്നങ്ങളിൽ പൂർണ്ണമായും നഴ്സ് ശ്രദ്ധിക്കാറുണ്ടോ? അതോ ബി.പി പരിശോധിക്കുന്നതിൽ ഒതുക്കാറുണ്ടോ? മരുന്നുകൾ കഴിക്കുന്നതിലെ കൃത്യത വിലയിരുത്താറുണ്ടോ?

ഹോംകെയർ ടീമിനൊപ്പം സന്ദർശനം നടത്തിയ ഗുണനിലവാര കമ്മിറ്റി, മെമ്പർമാരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ചേർത്ത് റിപ്പോർട്ട് തയ്യാറാക്കി ഒരു കോപ്പി യൂണിറ്റിനും ജില്ലാതല സബ്കമ്മിറ്റിയ്ക്കും നൽകേണ്ടതാണ്. ഹോംകെയറിൽ ടീമിനൊപ്പം സന്ദർശനം നടത്തുന്നത് ഒരു വ്യക്തിയെയോ, ഗ്രൂപ്പിനെയോ കുറ്റപ്പെടുത്താനല്ല, മറിച്ച് രോഗിക്കും കൂടും ബത്തിനും മെച്ചപ്പെട്ട പരിചരണവും പരിഗണനയും നൽകുന്നതിനാണ്.

'വേദനയില്ലാത്ത ജീവിതാന്ത്യം' - അതാണല്ലോ രോഗി ആഗ്രഹിക്കുന്നതും നാം വിഭാവനം ചെയ്യുന്നതും.

(ഐ.എ.പി.സി (കേരള) ട്രഷറർ മധുനെല്ലായ ഡോ. രാജശ്രീയുടെ സഹായത്തോടെ തയ്യാറാക്കിയത്. ക്രോഡീകരണം: നാരായണൻ പുതുക്കുടി, ജനറൽ സെക്രട്ടറി ഐ.എ.പി.സി (കേരള))

ജില്ലാ പൊതുയോഗങ്ങൾ


പി. മുഹമ്മദ് അൻസാരി

എം. പ്രദീപ്


പി. വിജയൻ

പി. അരുൺ

'ഓരോ വീട്ടിലും ഓരോ വോളന്റിയർ' എന്ന ലക്ഷ്യം കൈവരിക്കാനും, സാന്ത്വന പരിചരണം പരിലാളനമാക്കി ഉയർത്താനും ആവശ്യമായ പദ്ധതികൾക്ക് പാലക്കാട് ജില്ലാ പ്രവർത്തക ശില്പശാല രൂപം നൽകി. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡോക്ടറായ പ്രൊഫ. അജയൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. എം. പ്രദീപ് ആമുഖഭാഷണം നടത്തി. ഫൈസൽ എടക്കര നേതൃത്വം നൽകി. പി. മുഹമ്മദ് അലി അൻസാരി ചടങ്ങിൽ അധ്യക്ഷനായിരുന്നു. പി. മുഹമ്മദ് അലി അൻസാരി (പ്രസിഡന്റ്), എം. പ്രദീപ് കുറ്റനാട് (ജനറൽ സെക്രട്ടറി), മുജീബ് ഒറ്റപ്പാലം (ട്രഷറർ) എന്നിവർ പുതിയ ഭാരവാഹികളായി ഭരണസമിതി രൂപീകരിച്ചു.

പാവപ്പെട്ട രോഗികൾക്ക് സൗകര്യപ്രദമായ രീതിയിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കാരുണ്യ ബെനവലെന്റ് പുനക്രമീകരിക്കുമ്പോൾ കാൻസർ, കിഡ്നി സംബന്ധമായ ഗുരുതര ചികിത്സക്ക് വിധേയരാകുന്ന രോഗികൾക്ക് ചികിത്സ മുടങ്ങുന്ന അവസ്ഥ ഉണ്ടാകരുതെന്ന് പാലിയേറ്റീവ് കെയർ ഇനിഷ്യേറ്റീവ് ഇൻ കണ്ണൂർ (PIK) ആവശ്യപ്പെട്ടു. ഭാരവാഹികളായി ഡോ. പി. വിജയൻ (പ്രസിഡന്റ്), അസ്സം മെഡിനോവ, സി അബ്ദുൽ കരീം (വൈസ് പ്രസിഡന്റ്), പി അരുൺ (ജന: സെക്രട്ടറി), നൗഷാദ് ബയക്കൽ, സി പി അനിൽ (ജോയിന്റ് സെക്രട്ടറി), എൻ രാമചന്ദ്രൻ (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു

അവതരിപ്പിക്കുന്നത് വിക്കി

ജെറന്റോ...ളജി

ജെറന്റോളജി - എന്ത തോന്നി, വാക്കു കേട്ടിട്ട്? അറിയാമോ അർത്ഥം? എവ്ടെ! വാക്കു കേട്ടപ്പോൾ വിക്കിയുടെ മനസ്സിൽ പെട്ടെന്ന് തോന്നിയത് ഇതു വല്ല പാറയും പൊട്ടിക്കുന്ന ശാസ്ത്രമായിരിക്കുമെന്നാണ്. അത് എന്തുകൊണ്ട് അങ്ങനെ തോന്നിയെന്നൊന്നും ചോദിക്കരുത്. വാക്കിന്റെ ആകപ്പാടെ കട്ടിയൊക്കെ കേട്ടതുകൊണ്ടായിരിക്കും. വാസ്തവത്തിൽ അതൊന്നുമല്ല. വാർദ്ധക്യത്തെപ്പറ്റി പഠിക്കുന്ന ശാസ്ത്രമാണെത്രെ. ഒരു കാര്യം വ്യക്തമാക്കാൻ ഈ വിക്കി ആഗ്രഹിക്കുന്നു. ജെറന്റോളജി വാർദ്ധക്യത്തെപറ്റിയാണ് പഠിക്കുന്നത്. വൃദ്ധരെപറ്റിയല്ല. വൃദ്ധരുടെ ആരോഗ്യത്തെ പറ്റിയും ചികിത്സയെപ്പറ്റിയും ഒക്കെ പഠിക്കുന്നത് ജെറിയാടിക്സ്. (അതു പിന്നെയും കുഴപ്പമില്ല , മറ്റേ കട്ടിയില്ല).

അപ്പോൾ വൃദ്ധരുടെ തലയിൽ പാറ പൊട്ടിക്കുന്ന ഈ ശാസ്ത്രം ഗഹനമായി പഠിക്കുവാൻ ഒരു കേന്ദ്രമുണ്ടത്രെ തിരുവനന്തപുരത്ത്, സെന്റർ ഫോർ ജെറന്റോളജി സ്റ്റഡീസ്. കുറെ പേർ ചേർന്ന് വാർദ്ധക്യത്തെപ്പറ്റി പഠിക്കാൻ ഒരു കേന്ദ്രം ഉണ്ടാക്കിയിരിക്കുന്നു. നല്ല കാര്യമല്ലേ? പേരിനു കട്ടികൂടിയെന്ന് പറഞ്ഞ് ഇത്രയൊക്കെ അവഹേളിക്കാൻ പാടുണ്ടോ?

സെന്റർ ഫോർ ജെറന്റോളജി സ്റ്റഡീസ് ജൂൺ 15ന് വയോജന പീഡനം തടയാനുള്ള ഒരു ദിവസമായി ആചരിക്കുന്നു. വയോജനങ്ങളെ ധാരാളം പീഡിപ്പിക്കുന്നുണ്ട് സമൂഹത്തിൽ. അതിനെതിരെ വർഷത്തിലൊരു ദിവസമെങ്കിൽ ഒരു ദിവസം, ആരെങ്കിലും ശബ്ദമുയർത്തുന്നുവെങ്കിൽ നല്ല കാര്യം.

അപ്പോൾ മേൽപ്പടി ദിവസത്തിൽ പതിവുപോലെ പാലിയം ഇന്ത്യക്കാരുടെ ഡ്രൈവറായി വിക്കിയും പോയി. ബാക്കി പാലിയം ഇന്ത്യക്കാർ ചർച്ചാവേളയിൽ മുങ്ങിയപ്പോൾ, വിക്കി, ക്ഷമിക്കണം, ഉഴുന്നുവടയും ചായയും കഴിച്ച് ജീവിതമാസ്വദിച്ചു. എന്നിട്ട് ചർച്ചാവേദിയിലേക്കു നീങ്ങി. അവിടെ കേട്ടതിലധികവും പുതിയ കാര്യങ്ങളായിരുന്നില്ല. പതിവു കാര്യങ്ങൾ, ചെറുപ്പക്കാർ വൃദ്ധരെ നോക്കുന്നില്ല, ഉപേക്ഷിച്ച് വല്ലയിടത്തും പോയി കഴിയുന്നു...

പക്ഷേ, എല്ലാം സാധാരണ വാചകങ്ങൾ മാത്രമാണ് കേട്ടിരുന്നതെങ്കിൽ വിക്കി അതിനെ ഇങ്ങിനെ ഒരു വിഷയമാക്കുകയില്ലായിരുന്നു. വേറിട്ട രണ്ടു മൂന്നു ശബ്ദങ്ങൾ കേട്ടു. ഒന്ന് ഒരു ചെറുപ്പക്കാരിയുടെ ശബ്ദം. സംസാരിക്കുന്നത് കേട്ട് വിക്കിക്ക് ആദ്യം തോന്നിയത് ഈ കുട്ടി രാഷ്ട്രീയത്തിൽ പോയിരുന്നുവെങ്കിൽ കുറഞ്ഞ പക്ഷം ഒരു പഞ്ചായത്ത് പ്രസിഡണ്ട് എങ്കിലും ആയേനെ എന്നാണ്. അത് തൽക്കാലം. ഭാവിയിൽ മന്ത്രി. ഉറപ്പ്.

അപ്പോൾ സംഭവിച്ചത് ഇങ്ങിനെ. വയോജനങ്ങൾ എല്ലാം കൂടി ചെറുപ്പക്കാരെ ചീത്ത വിളിച്ചു കൊണ്ടിരിക്കുമ്പോൾ മേൽപ്പടി ഭാവി പഞ്ചായത്ത് പ്രസിഡണ്ടും കുറച്ചു കൂട്ടരും വോളന്റിയർമാരായി അങ്ങോട്ടും ഇങ്ങോട്ടും ഓടി നടന്ന് കാര്യങ്ങളൊക്കെ ശ്രദ്ധിക്കുന്നുവെന്ന് ഓർക്കണം. അതിനിടെയാണ് ഈ കുറ്റം പറയൽ. സഹികെട്ടപ്പോൾ മേൽപ്പടി ഭാവി പ്രസിഡണ്ട് മൈക്ക് എടുത്ത് പറഞ്ഞു, 'ഇങ്ങനെ എപ്പോഴും കുറ്റം പറയരുത്. എല്ലാ ചെറുപ്പക്കാരും ഒരു പോലെയല്ല' എന്നൊക്കെ.

നന്നായിപ്പോയി.

അപ്പോൾ ഒരു വൃദ്ധ സദസ്യ എടുത്തു പറഞ്ഞു 'അല്ല; വൃദ്ധരും ഒരൽപം കരുതി ജീവിക്കണം. എല്ലാം എപ്പോഴും സ്വന്തം ഇഷ്ടമനുസരിച്ച് നടക്കണമെന്ന് വാശി പിടിച്ചാൽ പിള്ളേർ വല്ലയിടത്തും കൊണ്ട്

മനസ്സിൽ ഒരു ചിത്രം തെളിഞ്ഞു വന്നു. വൃദ്ധനായി വിക്കി. വീട്ടിൽ തനിച്ച്. അല്ല; തനിച്ചല്ല റോബോട്ട് ഉണ്ട് കൂട്ടിന്. വിക്കി വിളിക്കുന്നു, 'റോബൂ, ഒരു ഗ്ലാസ് വെള്ളം.' മതി. ഒരു പ്ലീസ് പോലും പറയേണ്ട. റോബോട്ട് അതാ വെള്ളവുമായി. കുളിപ്പിക്കണോ? റോബൂ റെഡി. വിക്കി മനസ്സിൽ സ്വയം വൃദ്ധനായി ബാത്റൂമിൽ കിടന്നു കൊടുത്തു. റോബോട്ട് കുളിപ്പിക്കുന്നു. നമ്മുടെ സാധാരണ കുളിയൊന്നുമല്ല. റോബൂ ഒരു കൈ കൊണ്ട് എടുത്ത് പൊക്കുന്നു. ശ്രദ്ധയോടെ, കരുതലോടെ സോപ്പ് തേച്ച് കുളിപ്പിക്കുന്നു. എടുത്ത് പൊക്കി ഷവറിലെ വെള്ളം നേരിട്ട് കിട്ടാൻ പാകത്തിൽ പൊക്കി പിടിക്കുമ്പോൾ ബാറ്ററി തീരുന്നു. റോബോട്ട് ഫ്രോസൺ. വിക്കി നിസ്സഹായനായി ഒഴുകുന്ന വെള്ളത്തിനടിയിൽ അങ്ങിനെ കിടക്കുന്നു....

തള്ളിയിട്ട് പോകുക മാത്രമേ മാർഗ്ഗമുണ്ടാകുകയുള്ളൂ.' പക്ഷെ കുഴപ്പം അവിടെയല്ലേ? പ്രായം കൂട്ടും തോറും വളയാനുള്ള കഴിവ് കുറയുകയല്ലേ? അപ്പോഴെന്താ വളയാൻ വിസമ്മതിക്കും. ഒടിയും.

അപ്പോളതാ വരുന്നു, ഭയങ്കര വേറിട്ട ഒരു ശബ്ദം. ഒരു സദസ്യൻ എഴുന്നേറ്റ നിന്ന് സഹവയോജനങ്ങളെ അഭിസംബോധന ചെയ്യ പറയുന്നു, 'മക്കൾ അടുത്തില്ലെങ്കിലും ഒന്നും ഒരു പ്രശ്നമല്ല. കാലം മാറി. അറിഞ്ഞില്ലേ. റോബോട്ടുകൾ ഉണ്ട് ഇപ്പോൾ. നഴ്സിംഗ് ചെയ്യാൻ റോബോട്ട് മതി. കുളിപ്പിക്കുകയും ഭക്ഷണം തരുകയും ഒക്കെ ചെയ്യും. വില കൂടുതലാണ്; ശരിയാണ്. പക്ഷെ കുറച്ച് കാലത്തിനുള്ളിൽ വില കുറയാതിരിക്കില്ല."

തരിച്ചിരുന്നു പോയി വിക്കി. മനസ്സിൽ ഒരു ചിത്രം തെളിഞ്ഞു വന്നു. വൃദ്ധനായി വിക്കി. വീട്ടിൽ തനിച്ച്. അല്ല; തനിച്ചല്ല റോബോട്ട് ഉണ്ട് കൂട്ടിന്. വിക്കി വിളിക്കുന്നു, 'റോബൂ, ഒരു ഗ്ലാസ് വെള്ളം.' മതി. ഒരു പ്ലീസ് പോലും പറയേണ്ട. റോബോട്ട് അതാ വെള്ളവുമായി. കുളിപ്പിക്കണോ? റോബൂ റെഡി.

വിക്കി മനസ്സിൽ സ്വയം വൃദ്ധനായി ബാത്റൂമിൽ കിടന്നു കൊടുത്തു. റോബോട്ട് കുളിപ്പിക്കുന്നു. നമ്മുടെ സാധാരണ കുളിയൊന്നുമല്ല. റോബൂ ഒരു കൈ കൊണ്ട് എടുത്ത് പൊക്കുന്നു. ശ്രദ്ധയോടെ, കരുതലോടെ സോപ്പ് തേച്ച് കുളിപ്പിക്കുന്നു. എടുത്ത് പൊക്കി ഷവറിലെ വെള്ളം നേരിട്ട് കിട്ടാൻ പാകത്തിൽ പൊക്കി പിടിക്കുമ്പോൾ ബാറ്ററി തീരുന്നു. റോബോട്ട് ഫ്രോസൺ. വിക്കി നിസ്സഹായനായി ഒഴുകുന്ന വെള്ളത്തിനടിയിൽ അങ്ങിനെ കിടക്കുന്നു....

ദിവാസ്വപ്നത്തിൽ നിന്ന് വിക്കി പേടിച്ച് വിറച്ച് ഞെട്ടിയുണർന്നപ്പോൾ റോബോട്ട് നഴ്സിംഗിനെപ്പറ്റി പറഞ്ഞ എഞ്ചിനീയറിംഗ് വിദ്ധ്യനിൽ നിന്ന് മൈക്ക് കൈമാറപ്പെട്ടിരിക്കുന്നു. പിടിച്ചു വാങ്ങിയതായിരിക്കും. ഒരു മുതിർന്ന സ്ത്രീയാണ് സംസാരിക്കുന്നത്. റോബോട്ടിന്റെ ഐഡിയ അവർക്ക് തീരെ പിടിച്ചിട്ടില്ല. നേരത്തെ സംസാരിച്ചത് ന്യൂ ജൻ വിദ്ധ്യൻ. ഇവർ ഓൾഡ് ജൻ. അവർ ചോദിച്ചു: 'പക്ഷേ മനുഷ്യത്വം വേണ്ടേ? ജോലികൾ ചെയ്താൽ മാത്രം മതിയോ? അങ്ങനെ ജീവിക്കാൻ കഴിയുമോ മനുഷ്യന്?'

വിക്കിക്ക് അറിയാം. പറ്റുകയില്ല. അല്ല; മിക്കവാറും പേർക്ക് പറ്റുകയില്ല. ചിലർ ജീവിച്ചിരിക്കുന്ന യന്ത്രങ്ങളാണ്. അവർക്ക് ഒരു റോബോട്ട് മതിയായിരിക്കും. എന്നാലും എത്ര വിലയായിരിക്കും? വിക്കി ഒന്ന് ഗൂഗിൾ ആകെ കറങ്ങി വന്നു. ധാരാളമുണ്ട്. മനുഷ്യ റോബോട്ടുകൾ. ഒരു നഴ്സ് തന്നെയുണ്ട്. റോബോട്ട് നഴ്സ്. കോഡി എന്നാണത്രെ പേര്. ആകെ തപ്പി നോക്കിയിട്ടും വില എത്രയാണെന്ന് കാണുന്നില്ല. എന്നാലും അവസാന കാലത്ത്, റോബോട്ടിന്റെ കൈയിൽ, ഷവറിന്റെ കീഴിൽ! ദൈവമേ; എന്തൊക്കുമോ, എന്തോ!

അല്ല; നമ്മൾ പറഞ്ഞു തുടങ്ങിയ വിഷയം റോബോട്ടൊന്നുമല്ലല്ലോ? വയോജനങ്ങളെ പീഡിപ്പിക്കുന്നതിൽ നിന്ന് രക്ഷിക്കുന്നതിനെപറ്റിയല്ലേ?

ഒരുപാടൊരുപാട് ചോദ്യങ്ങൾ കിടക്കുന്നു. ഉത്തരങ്ങൾ കുറവ്. എവിടെയെത്തും നമ്മൾ? വിദ്യാഭ്യാസമുള്ള ചെറുപ്പക്കാർ നാടുവിട്ടു പോകും. അതാണ് ഇന്നത്തെ ലോകനിയമം. വിക്കിയെ പോലെ വിദ്യാഭ്യാസം കുറഞ്ഞ കുറെ പേർ ബാക്കി ഉണ്ടാകും നാട്ടിൽ.

പിന്നെ, ഇപ്പോൾ നിയമവിരുദ്ധമാണെങ്കിലും നാളെ ഒരു കാലത്ത് ദയാവധം നടപ്പിൽ വരുമായിരിക്കും. വരുകയോ വരാതിരിക്കുകയോ ചെയ്യട്ടെ. വിക്കി ഒരു കാര്യം ഉറപ്പിച്ചു. എന്തു വന്നാലും പാലിയേറ്റീവ് കെയർ സുഹൃത്തുക്കളെ കൈവിടില്ല. അടക്കിപ്പിടിച്ച് കൂടെ നടക്കും. വയസ്സാകുമ്പോൾ ഇവരേ കാണൂ, ഒരു തുണ.

മഞ്ഞുതുള്ളിയും കൃഷ്ണൻ സാറും

വിക്കി കൃഷ്ണൻ സാറിനെ നേരിൽ കണ്ടു. മനസ്സിലായില്ല അല്ലേ? കാർട്ടൂണിസ്റ്റ് കൃഷ്ണൻ സാർ. 'സഹയാത്രയിൽ' ചിത്രങ്ങൾ വരയ്ക്കുന്ന പ്രശസ്ത ചിത്രകാരനും കാർട്ടൂണിസ്റ്റുമായ പി.വി.കൃഷ്ണൻ സാറിനെ അറിയില്ലേ? സംഭവം 'മഞ്ഞുതുള്ളി' ചിത്രപ്രദർശനത്തിനു പോയപ്പോൾ.

ശരിയായില്ല, ശരിയായില്ല... തുടക്കം തീരെ ശരി

യായില്ല. എന്തിനെപ്പറ്റിയാണെന്ന് പറയുന്നതെന്ന് വ്യക്തമാക്കിയിട്ടു വേണ്ടേ തുടങ്ങാൻ? അപ്പോൾ സംഭവം ചിത്രപ്രദർശനവിപ്ലവം. വോളന്റിയർ ലളിതാന്റിയാണ് മുഖ്യ സംഘാടക. കൂടെ ഒരു പട വോളന്റിയർമാരും, സ്ഥിരം 'ഓട്ട'ത്തൊഴിലാളികളായ ബാബുച്ചേട്ടനും, സിദ്ദിഖ് ചേട്ടനുമൊക്കെ. എല്ലാ വർഷവും ഉണ്ടിത്. ലളിതാന്റി സഹകലാകാരെയൊക്കെ കമ്പനിയടിച്ച് അവരുടെ ചിത്രങ്ങൾ കൊണ്ടു വരുന്നു, വിൽക്കുന്നു. പാലിയം ഇന്ത്യയുടെ ഫണ്ട് ശേഖരണത്തിനായി. തിരുവനന്തപുരത്തെ മ്യൂസിയം ഓഡിറ്റോറിയത്തിലായിരുന്നു സംഭവം. മൂന്ന് ദിവസം. (ജൂലൈ 4, 5, 6 തീയതികളിൽ). കൂടുതൽ വിവരങ്ങൾ വിക്കി പറഞ്ഞു കുളം ആക്കണ്ട, ലളിതാന്റി തന്നെ എഴുതിക്കോളും എന്നാണ് എഡിറ്ററുടെ നിർദ്ദേശം. എന്നാലങ്ങനെ!

ഹാൾ ചെറുതായിപ്പോയി. ഇതൊക്കെ നടത്തുമ്പോൾ നല്ല വിശാലമായ ഹോൾ വേണ്ടേ? പക്ഷെ കുഴപ്പം അവിടെയാണ്. വിശാലം, ഹോൾ എന്നൊക്കെ പറഞ്ഞാൽ ചിക്കിലി കുറെയാകും. ആ പൈസയുണ്ടെങ്കിൽ നൂറു പേർക്ക് ഒരു ദിവസത്തെ മരുന്നിനായി. പരിസ്ഥിതി സംരക്ഷണം ഇത്രയൊക്കെ മതി. ഉള്ള സൗകര്യത്തിലൊക്കെ ഒരു ചിത്രപ്രദർശനം.

അങ്ങിനെയാണ് ആദ്യമായി കൃഷ്ണൻ സാറിനെ കാണുന്നത്. എന്തൊരു മനുഷ്യൻ! ചിലരെ ഇതുപോലെ കാണാം. വളരും തോറും ചെറുതാകുന്ന മനുഷ്യർ. പാലിയം ഇന്ത്യയുടെ ഉപദേശകനായ മുൻ ചീഫ് സെക്രട്ടറി വിജയാനന്ദ് സാറിനെ കണ്ടപ്പോഴും ഇതാണ് തോന്നിയത്.

ഒരു ദിവസം പാലിയം ഇന്ത്യയിൽ നിന്ന് ഒരു കത്ത് തന്നു. വിജയാനന്ദൻ സാറിന്റെ കൈയ്യിൽ കൊണ്ടു കൊടുക്കാൻ. യൂണിവേഴ്സിറ്റി കോളേജിനടുത്ത് സാറിന്റെ വീടു കണ്ടു പിടിക്കാൻ ഒരു പ്രയാസവുമില്ല. പോയി. ഗേറ്റിൽ തട്ടി. ഒരു ബനിയനും ഒരു ലുങ്കിയുമൊക്കെ ഇട്ട് ഇതാ വരുന്നു മുൻ ചീഫ് സെക്രട്ടറി. ചിരിച്ച് സന്തോഷത്തോടെ കത്തു വാങ്ങി. വിക്കിയെ യാത്രയയച്ചു. കൃഷ്ണൻ സാറിന്റെ പെരുമാറ്റം കണ്ടപ്പോൾ അതു പോലെ തോന്നി. എത്ര വലിയ മനുഷ്യനാണ്.

വാസ്തവം പറഞ്ഞാൽ നേരിൽ കാണുന്നതു വരെ വിക്കിക്ക് ഉള്ളിൽ ഒരൽപ്പം പിണക്കം കൃഷ്ണൻ സാറിനോട് ഉണ്ടായിരുന്നുവെന്നത് സത്യം. വിക്കിയുടെ പടം വരച്ച് വെച്ചിരിക്കുന്നത് കണ്ടില്ലേ? വിക്കി എത്ര സുന്ദരനാണ്. സംശയമുണ്ടെങ്കിൽ അമ്മയോട് ചോദിച്ചു നോക്കു. വിക്കി സുന്ദരനാണ്. വിക്കിയുടെ മുഖം ഇങ്ങനെയല്ല.

പിന്നെ പോട്ടെ, നമ്മുടെ കൃഷ്ണൻ സാറല്ലേ? ●

നിലയ്ക്കാത്ത ഓളങ്ങളും മരിക്കാത്ത ഓർമകളും

ഡോമിനിക് പയ്യപ്പിള്ളി

ഈ മനോഹര ഭൂമിയിൽ പിറന്നു വീഴുന്ന ഓരോ ജന്മത്തിനും സ്വപ്നങ്ങളുണ്ട്, പ്രതീക്ഷകളുണ്ട്. ജീവിതത്തിന്റെ പ്രതീക്ഷകൾ പൂക്കുന്ന, സ്വപ്നങ്ങൾ വിരിയുന്ന യൗവ്വനത്തിന്റെ നാളുകൾ... ഉന്മാദം കൊള്ളിക്കുന്ന സുഗന്ധം പരന്നൊഴുകുന്ന ദിനരാത്രങ്ങൾ... എന്നാൽ ഒരു ദുർദിനത്തിൽ വിധിയുടെ പാറക്കെട്ടിൽ തട്ടിത്തകരുമ്പോഴുണ്ടാകുന്ന മനോവ്യഥയുടെ ആഴവും പരപ്പും നിർണ്ണയിക്കാനാവില്ല. വിധിയുടെ കൈകളിലെ കളിപ്പാട്ടമാകുമ്പോൾ, എല്ലാം ഒരു നിമിഷം കൊണ്ട് അവസാനിപ്പിക്കണമെന്ന് ചിന്തിച്ചു പോകാത്ത മനസ്സുകൾ ചുരുക്കം.

അന്ന് ഒരു ദുർദിനത്തിൽ എന്റെ ജീവിതയാത്രയുടെ ഗതി മാറ്റിയ അപകട വീഴ്ച. ശരീരത്തിന്റെ നാഡീ ഞരമ്പുകൾ നിശ്ചലമായ നിമിഷം. മരണത്തെ മുന്നിൽകണ്ട വേളകൾ. ഒരു സർക്കാർ ആശുപത്രിയിലെ കിടക്കയിൽ തളർന്നു കിടന്ന എന്റെ ചുറ്റും ഉത്കണ്ഠ നിറഞ്ഞ മുഖങ്ങൾ; ബന്ധുക്കൾ, ഇഷ്ടജനങ്ങൾ. അവർ ഒരു മരണത്തെ പ്രതീക്ഷിക്കുകയായിരുന്നു. അൻപത് വർഷം മുൻപ് ഞാൻ കണ്ടത് ഇന്നും മനസ്സിൽ മായാതെ നിൽക്കുകയാണ്. വിദഗ്ധ ചികിത്സയ്ക്കായി വെല്ലൂർ സി.എം.സി. ആശുപത്രിയിൽ എത്തിക്കണമെന്ന ഡോക്ടറുടെ നിർദ്ദേശം സാമ്പത്തിക പരാധീനതകൾ നിറഞ്ഞ എന്റെ കുടുംബത്തിന് താങ്ങാനാവില്ലെന്ന തിരിച്ചറിവ് എന്റെ നാട്ടുകാർക്കും സ്നേഹിതർക്കും ഉണ്ടായി. അവരുടെ സഹായത്താൽ വെല്ലൂരിലെത്തി.





വീൽചെയറിലിരുന്ന് രോഗീപരിചരണം നടത്തുന്ന ഡോക്ടറെ അത്ഭുതത്തോടെ ഞാൻ കണ്ടു. ജീവിതത്തെ അതിജീവിച്ച ആ സ്ത്രീ, ഡോ. മേരി വർഗ്ഗീസ്, കേരളത്തിലെ വടക്കൻ പറവൂർ സ്വദേശിയായിരുന്നു. പഠന കാലഘട്ടത്തിൽ ഒരു വാഹനാപകടത്തിൽപ്പെട്ട് നട്ടെല്ല് ക്ഷതമേറ്റ തളർന്നു. പക്ഷെ തന്റെ വൈകല്യം മറന്ന് അവർ ജീവിതത്തെ നേരിട്ടു. വീണ്ടും പഠിച്ചു, ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ ഉന്നതപഠനം അമേരിക്കയിൽ നടത്തി തിരിച്ചു വന്ന് വെല്ലൂർ ആശുപത്രിയിലെ ഫിസിക്കൽ മെഡിസിൻ ഡിപ്പാർട്ട്മെന്റിന്റെ തലപ്പത്തെത്തി അനേകം രോഗികൾക്ക് ആശ്വാസം പകർന്നു, ജീവിതത്തെ അതിജീവിക്കാനുള്ള ഊർജ്ജം പകർന്നു. അവരുടെ പ്രവർത്തനത്തെ ഭാരത സർക്കാർ കണ്ടറിഞ്ഞു. പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചത് അന്ന് രാഷ്ട്രപതിയായിരുന്ന വി.വി.ഗിരിയായിരുന്നു. ഇന്നും ആ ചക്രവണ്ടിയിലെ ഡോക്ടറുടെ മുഖം മനസ്സിൽ മായാതെ നിൽക്കുന്നു.

വെല്ലൂർ ബാഗായത്തെ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ സെന്ററിൽ ആറു മാസത്തെ ഫിസിയോതെറാപ്പി ട്രീറ്റ്മെന്റിലൂടെ സ്വന്തം കാലിൽ നിൽക്കാനും മെല്ലെ നടക്കാനും കഴിഞ്ഞത് എന്നെ സ്നേഹിക്കുന്നവരുടെ പ്രാർത്ഥന കൊണ്ടും കൂടിയാണെന്ന് വിശ്വസിക്കുകയാണ്. നാൽപതു ശതമാനം ഭിന്നശേഷിക്കാരന്റെ സർട്ടിഫിക്കറ്റുമായി ജീവിതയാത്ര തുടരുന്നു.

ജീവിതത്തിലെ പ്രതിസന്ധികളെ അതിജീവിക്കുവാനുള്ള തത്രപ്പാട്. ശരീരത്തിന്റെയും മനസ്സിന്റെയും

വേദനകൾ മറക്കാൻ, സമൂഹത്തെ കാണാൻ ശ്രമിച്ചു. എന്തെങ്കിലും വായിക്കണമെന്ന്, ചിന്തിക്കണമെന്ന് മോഹിച്ചു. മനസ്സെത്തുന്നിടത്ത് ശരീരം എത്താൻ കഴിയില്ല. എന്നിട്ടും പാറിപ്പറന്ന മോഹങ്ങൾ. പ്രകൃതി പിന്നെ എത്രയോ വട്ടം പൂക്കുകയും തളിർക്കുകയും ചെയ്തു.

ജീവിതത്തിൽ എനിക്ക് കൂട്ടായി, താങ്ങായി, തണലായി, എന്നെ അറിഞ്ഞവൾ വന്നു. എന്റെ ജീവിതസഖിയായി. ഒന്നിച്ചുള്ള ജീവിതമായി. ഓളങ്ങളിലൂടെ ചുഴികൾ താണ്ടി മുന്നോട്ട് തുഴഞ്ഞു കൊണ്ടിരുന്നു. കാറ്റ് വീശി ഓളങ്ങൾ തോണിയെ വിഴുങ്ങുമെന്ന് തോന്നി. എന്നിട്ടും മറുകര തേടി, അക്കരെ ഒരു പച്ച തുരുത്തുണ്ടെന്ന പ്രതീക്ഷയിൽ.

പക്ഷെ വിധി എന്നെ വേട്ടയാടുകയായിരുന്നു. ഒരു ചക്രവാതം കണക്കെ എന്നെ കശക്കിയെറിയുകയായിരുന്നു. ഒരു വീഴ്ച്ച വീണ്ടും ഒരു പാരാപ്ലീജിയ രോഗിയുടെ മുദ്രകുത്തിയിരിക്കുന്നു.

സ്നേഹിച്ചവരെ, തലോടിയവരെ, കൈത്താങ്ങ് നൽകിയവരെ ഓർക്കാതിരിക്കാനാവില്ല. അതാണ് ഓർമ്മകൾ. ഓർമ്മകൾക്ക് മരണമില്ല. ഓളങ്ങൾക്ക് ഒരിക്കലും നിശ്ചലമാകാനാവില്ല. അവ ചലിച്ചു കൊണ്ടിരിക്കും. പ്രകൃതിയുടെ നിശ്വാസമേറ്റാലും ഓളങ്ങൾ, കുഞ്ഞോളങ്ങളായി തീരത്തെ മെല്ലെ പുൽകും... ●

വിശപ്പിന്റെ വിലാപത്തിനൊരു സാന്ത്വനം

കാൻസർ, വൃക്കരോഗങ്ങൾ, തളർവാതം, പക്ഷാഘാതം തുടങ്ങിയവ മൂലം ദീർഘകാല പരിചരണം ആവശ്യമുള്ള ഒട്ടേറെപ്പേർ നമുക്കു ചുറ്റുമുണ്ട്. ചികിത്സയുടെ കനത്ത സാമ്പത്തിക ഭാരം അടിച്ചേൽപിക്കുന്ന അനാഥത്വത്തിൽ കിടപ്പാടമുൾപ്പെടെ നഷ്ടപ്പെട്ടവർ അനവധി. ജീവിതത്തിന്റെ പുറംപോക്കുകളിലെ ഏകാന്തതയിൽ അഭയം തേടുന്നവർ.

ഇവരുടെ വീടുകളിലെ അടുപ്പുകളിൽ തീ പുകയുന്നില്ലെന്നറിയാതെ 'ആഹാരത്തിനു ശേഷം മാത്രം കഴിക്കാനുള്ള മരുന്നു' നൽകുമ്പോൾ നിസ്സഹായതയോടെ മരവിച്ചിരിക്കുന്നവർ...

പാലിയം ഇന്ത്യയുടെ ഗൃഹസന്ദർശന പരിപാടിയിലൂടെ ഞങ്ങൾ കണ്ട മുഖങ്ങളിലധികവും രോഗിയുടെയും കുടുംബത്തിന്റെയും 'വിശപ്പിന്റെ വിലാപത്തിനുമപ്പുറ'മുള്ളവരായിരുന്നു. ഞങ്ങളുടെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഞങ്ങൾ 'ഫുഡ് കിറ്റ് പ്രോഗ്രാ'മിനു രൂപം നൽകി. 5 കിലോഗ്രാം അരി, പഞ്ചസാര, തേയില, പലവ്യഞ്ജനങ്ങൾ ഉൾപ്പെടുന്ന 1000 രൂപയുടെ ഒരു കിറ്റ് എല്ലാമാസവും ഇത്തരം വീടുകളിലെത്തിച്ചു പോരുന്നു. അർഹരായ ആവശ്യക്കാർ അനവധിയാണെങ്കിലും സാമ്പത്തിക പരിമിതി ഞങ്ങൾക്കൊരു പ്രതിസന്ധി തന്നെയാണ്. പക്ഷേ ഉറവവറ്റിയ ആ കണ്ണുകളിലെ ശേഷിക്കുന്ന ആർദ്രത ഞങ്ങളെ അസ്വസ്ഥമാക്കുന്നു.

സന്മനസുള്ളവർ ഒരു മാസത്തേക്കോ (1000 രൂപ) ആറു മാസത്തേക്കോ (6000 രൂപ), ഒരു വർഷത്തേക്കോ (12000 രൂപ) ഫുഡ്കിറ്റ് പ്രോഗ്രാമിലേക്കുള്ള തുക നൽകി വിശപ്പിന്റെ വിലാപത്തിനു സാന്ത്വനമേകണമെന്ന് അഭ്യർത്ഥിക്കുന്നു. തുക പണമായോ, ചെക്കായോ, ഡ്രാഫ്റ്റായോ പാലിയം ഇന്ത്യയുടെ പേരിലെടുത്ത് ഞങ്ങൾക്കയച്ചു തരിക. (സംഭാവനകൾക്ക് 80ജി പ്രകാരം ആദായനികുതിയിൽ കിഴിവ്)

സംഭാവനകൾ അയയ്ക്കുമ്പോൾ 'ഫുഡ് കിറ്റ് പ്രോഗ്രാമിന്' എന്നു കൂടി രേഖപ്പെടുത്തുക.

വിലാസം: ചെയർമാൻ, പാലിയം ഇന്ത്യ ട്രസ്റ്റ്, വി.പി XIII/80, ഗോൾഡൻ ഹിൽസ്, വേങ്കോട് പി.ഒ, വട്ടപ്പാറ, തിരുവനന്തപുരം - 695 028

ഇൻഫർമേഷൻ സെന്റർ: 9746745502

info@palliumindia.org

പ്രതിരോധത്തിന്റെ കഥ; അതിജീവനത്തിന്റെയും

രജീഷ സി. കെ

ആരോഗ്യമാണ് ഏറ്റവും വലിയ സമ്പത്ത് എന്ന നമുക്കറിയാം. ആരോഗ്യവാനായ ഒരാളെ സംബന്ധിച്ചിടത്തോളം മറ്റെല്ലാ കാര്യങ്ങളും സാധ്യമാവുന്നതേയുള്ളൂ. ആഷിക് അബു സംവിധാനം ചെയ്ത 'വൈറസ്' എന്ന സിനിമ കഴിഞ്ഞ വർഷം കേരളത്തെ ഭീതിയുടെ മുൾമുനയിൽ നിർത്തിയ നിപ വൈറസ് സംഭവത്തെ ആസ്പദമാക്കിയുള്ളതാണ്. ആശുപത്രികളിൽ ജീവിതത്തിനും മരണത്തിനും ഇടയിലുള്ള ദൂരം നമുക്ക് അളക്കാൻ കഴിയും. ഒരിക്കലും പോവാനിട വരരുത് എന്ന് നാം ആഗ്രഹിക്കുന്ന ഒരു സ്ഥലമാണ് ആശുപത്രി.

വൈറസ് എന്ന സിനിമയുടെ തുടക്കം കോഴിക്കോട് മെഡിക്കൽ കോളേജിലെ തിരക്കു പിടിച്ച ഒരു ദിവസത്തിൽ നിന്നാണ്. ചെറുതും വലുതുമായ രോഗങ്ങൾ കൊണ്ട് മനുഷ്യൻ ബുദ്ധിമുട്ടുന്ന ഭീകരമായ അവസ്ഥ. ആരോഗ്യകരമായ ജീവിതം തന്നെയാണ് ഏറ്റവും വലുത് എന്ന് ഊന്നിപ്പറയുകയാണ് ഓരോ സീനും. ശാരീരികവും മാനസികവുമായ വേദനകളോടെ ശ്വാസം ലഭിക്കാതെ, വേദന ശമിക്കാതെ കിടക്കുന്നവർ പ്രേക്ഷകന്റെ കരളലയിക്കുന്നു. ദൈവത്തിന്റെ പ്രതിരൂപങ്ങളായ ഡോക്ടർമാർക്കും നഴ്സുമാർക്കെല്ലാം ഒരു ബിഗ് സല്യൂട്ട് നൽകുന്നു.

മുഹമ്മദ് സാബിത് എന്ന പേരാമ്പ്ര സ്വദേശിയിലൂടെ വ്യാപിച്ച് 17 പേരുടെ മരണത്തിനിടയാക്കിയ നിപയുടെ നാളുകൾ കേരളീയർക്ക് എളുപ്പം മറക്കാവുന്നതല്ല. വൈറസ് എന്ന സിനിമ നിപയെ അതിജീവിച്ച ആരോഗ്യ മേഖലയെയും സന്നദ്ധപ്രവർത്തകരെയും നമുക്ക് മുന്നിൽ അനാവരണം ചെയ്യുന്നു. മികച്ച സാമൂഹിക ഉത്തരവാദിത്വത്തോടെ അവർ ചെയ്ത ദൗത്യങ്ങൾ ആരോഗ്യ മേഖലയിലെ സേവന സന്നദ്ധതയെ അന്വർത്ഥമാക്കുന്നു.

ദുരിതങ്ങൾക്കും ദുരന്തങ്ങൾക്കും സാമൂഹിക കൂട്ടായ്മയിലധിഷ്ഠിതമായ പ്രതിരോധമാണ് ആവശ്യമെന്ന വസ്തുത സിനിമ പങ്കു വെയ്ക്കുന്നു. പാലിയേറ്റീവ് കെയർ പ്രസ്ഥാനത്തിലെ 'സാന്ത്വനമേകാൻ അയൽക്കണ്ണികൾ' എന്ന ആശയവും പങ്കു വെയ്ക്കുന്നത് സമാനാർത്ഥം തന്നെയാണ്. ഒരു ചങ്ങല പോലെ ഒന്നിൽ നിന്നു മറ്റൊന്നിലേക്കുള്ള നന്മയുടെ വ്യാപനത്തിലൂടെ മാത്രമേ ദീർഘകാല രോഗികൾക്ക് സാന്ത്വനമേകാൻ നമുക്ക് കഴിയുകയുള്ളൂ.

സഹതാപമല്ല, മറിച്ച് അവിടെ വർത്തിക്കേണ്ടത് അനുതാപമാണ്. ആ രീതിയിലുള്ള പ്രവർത്തനങ്ങൾ മാത്രമേ വിജയിക്കുകയുള്ളൂ. അനുതാപപൂർവ്വം സമീപിച്ചാൽ മാത്രമേ രോഗിക്ക് നാം സ്വീകാര്യനാവുകയുള്ളൂ. ദയ, ത്യാഗം, കരുണ തുടങ്ങിയ സദ്ഗുണങ്ങൾ കൂടി ഉണ്ടെങ്കിലേ സാന്ത്വനപ്രവർത്തനം വിജയിക്കുകയുള്ളൂ.

ഒറ്റക്കെട്ടായ പ്രവർത്തനം കൊണ്ട് നമുക്ക് അസാധ്യമായതൊന്നും തന്നെയില്ല. ഏത് മേഖലയിലായാലും കൂട്ടായ പ്രവർത്തനം വിജയത്തെ എളുപ്പമാക്കുന്നു. സാമൂഹികമായ ഒറ്റപ്പെടലാണ് ദീർഘകാല രോഗികൾ അനുഭവിക്കുന്ന വലിയ വേദന. പലതലങ്ങളിൽ തിളങ്ങി നിന്നിരുന്ന നക്ഷത്രങ്ങളാവാം ചിലപ്പോൾ വിധിയുടെ വിളയാട്ടം കൊണ്ട് ഒറ്റമുറിയിലകപ്പെട്ടത്. അതുകൊണ്ടു തന്നെ നിരന്തരമായ ആത്മസൗഹൃദവുമാണ് നാം അവർക്ക് നൽകേണ്ട സാന്ത്വനം.

'വൈറസ്' എന്ന സിനിമയിൽ ഏതാണ്ട് അവസാനഭാഗത്ത് സൗബിൻ എന്ന നടൻ കൈകാര്യം ചെയ്ത കഥാപാത്രത്തെ സമൂഹം ഒറ്റപ്പെടുത്തുന്നതായി കാണാം. പകർച്ച വ്യാധിയോടുള്ള ഭീതിയാണ് അവരെ അതിനു പ്രേരിപ്പിക്കുന്നത്. അതേ സമയം തന്നെ പാർവതി കൈകാര്യം ചെയ്ത അനു എന്ന കഥാപാത്രം നിപ സംശയിച്ചെത്തിയ പോലീസുകാരനു മുന്നിൽ സംരക്ഷണ കവചം അഴിച്ച് മാറ്റുകയും ചെയ്യുന്നു. അദ്ദേഹത്തിന് അതിലൂടെ ലഭിക്കുന്ന ആത്മവിശ്വാസം ചെറുതല്ല. അനുതാപപൂർവമായ പെരുമാറ്റത്തിന് ഉത്തമോദാഹരണം കൂടിയാണത്. ദീർഘകാല രോഗങ്ങളാൽ വലയുന്നവരെയും നമുക്ക് അനുതാപപൂർവ്വം സംരക്ഷിക്കാം. നിപ വൈറസ് തുരത്തുവാൻ കാണിച്ച അതേ ആർജവവും ലക്ഷ്യബോധവും തന്നെയാണ് ദീർഘകാല രോഗങ്ങൾക്ക് മുന്നിലും നാം കാണിക്കേണ്ടത്. പ്രതിരോധത്തിന്റെ കവചം തീർത്ത് അതിജീവനം നൽകാം.

(കുത്തുപറമ്പ 'സ്നേഹസ്പർശം' പാലിയേറ്റീവ് കെയർ സെന്ററിലെ വോളന്റിയറും ഡോൺ ബോസ്കോ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറുമാണ് ലേഖിക) ●

മറ്റുള്ളവർക്ക് നൽകുന്ന കരുതലും ദയയുമെല്ലാം നിങ്ങളുടെ ഹൃദയത്തെ ഊഷ്മളമാക്കാൻ

തിരികെയെത്തട്ടെ

2006 ൽ പാലിയം ഇന്ത്യ തിരുവനന്തപുരം കേന്ദ്രമാക്കി ട്രിവാൻഡ്രം ഇൻസ്റ്റിട്യൂട്ട് ഓഫ് പാലിയേറ്റീവ് സയൻസസ് (ടിപ്സ്) സ്ഥാപിച്ചു. 2012 മുതൽ ലോകാരോഗ്യ സംഘടനയുടെ കൊളാബറേറ്റിംഗ് സെന്ററാണ്.

അർബുദത്തെത്തുടർന്ന് കടുത്ത വേദനയും ഒറ്റപ്പെടലും അനുഭവിക്കുന്നവർ, എയ്ഡ്സ് ബാധിതർ, തളർവാതം പോലെ ദീർഘകാലം പരിചരണം ആവശ്യമുള്ളവർ, വൃക്കരോഗികൾ എന്നിവർക്ക് വേദനയിൽ നിന്നും ആശ്വാസം, സാന്ത്വന പരിചരണം എന്നിവ ലഭ്യമാക്കുകയാണു ലക്ഷ്യം. തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, എസ്.എ.ടി എന്നിവിടങ്ങളിൽ ഒ.പി. നടത്തിയും വട്ടപ്പാറയിലെ ആശുപത്രിയിൽ രോഗികളെ അഡ്മിറ്റു ചെയ്തും വീടുകളിലെത്തിയും സാന്ത്വന പരിചരണം നൽകുന്നു. പാലിയം ഇന്ത്യയുടെ ഓഫീസിന്റെ നിശ്ചിതി ചുറ്റളവിലുള്ള പത്തിലധികം ലിങ്ക് സെന്ററുകളുമായി സാന്ത്വനപരിചരണം ബന്ധപ്പെടുത്തിയിരിക്കുന്നു.

കാൻസർ രോഗികളുടെ കുട്ടികൾക്കു വിദ്യാഭ്യാസ സഹായം, കാൻസർ രോഗികൾക്കു പുനരധിവാസം, നിർധന കുടുംബത്തിനു മാസംതോറും ഫുഡ്കിറ്റ് വിതരണം, ഡോക്ടർമാർക്കും നേഴ്സുമാർക്കും സന്നദ്ധ പ്രവർത്തർക്കും സാന്ത്വന പരിചരണ പരിശീലനം, കാലിന് ചലനശേഷി നഷ്ടപ്പെട്ടവർക്ക് സാമൂഹ്യ നീതി വകുപ്പിന്റെ സഹകരണത്തോടെ ഹാഫ് വേ ഹോം, ഉറ്റവരെ നഷ്ടപ്പെട്ടവരുടെ കൂട്ടായ്മ (ഉണർവ്വ്) തുടങ്ങി പ്രവർത്തനങ്ങൾ നിരവധിയാണ്.

എല്ലാ സേവനങ്ങളും സൗജന്യമാണ്. ഉദാരമനസ്കരുടെയും മനുഷ്യസ്നേഹികളുടെയും സംഭാവനകളിലാണ് പാലിയം ഇന്ത്യ നിലനിൽക്കുന്നത്.

സംഭാവനകൾക്ക് 80 G(s) IV പ്രകാരം ആദായ നികുതി ഇളവ്.

നിങ്ങൾ നൽകുന്ന ഒരു തുകയും ഞങ്ങൾക്ക് ചെറുതല്ല. നിങ്ങൾ വിശേഷാവസരങ്ങളിൽ ചെലവിടുന്ന തുകയിൽ ചെറിയൊരംശം രോഗികളുടെ വേദനയകറ്റാൻ മാറ്റി വയ്ക്കൂ. ചെക്കുകൾ PALLIUM INDIA യുടെ പേരിൽ നൽകുക.

ബാങ്കുവഴി പണം നൽകാൻ

ഇന്ത്യയിൽ: എസ്.ബി.ഐ. പട്ടം (കോഡ് 3355) SB A/c 30086491915, IFSC Code : SBIN 0003355
വിദേശത്തുനിന്ന്: ധനലക്ഷ്മി ബാങ്ക്, SB A/c No. 003700900000036 IFSC Code : DLXB 0000037

ആദായ നികുതിയിൽ ഇളവു ലഭിക്കുന്നതിനായി, സംഭാവനകളോടൊപ്പം PAN നമ്പറും വിലാസവും ഇനി മുതൽ നിർബന്ധമാണ് (10B, ഇൻകം ടാക്സ് ആക്റ്റ്). അതിനാൽ പാലിയം ഇന്ത്യയ്ക്കു സംഭാവന നൽകുന്നവർ ദയവായി ഈ വിവരങ്ങൾകൂടി ഞങ്ങൾക്ക് അയച്ചു തരാനപേക്ഷ.

പാലിയം ഇന്ത്യ, വി.പി.XIII/80, ഗോൾഡൻ ഹിൽസ്,
വെങ്കോട് പി.ഒ, വട്ടപ്പാറ, തിരുവനന്തപുരം- 695028
Phone: 0472-2586497, 97467 45504 E-mail: info@palliumindia.org
Web: www.palliumindia.org

മനസ്സിനു മധുരമേകി ഉണർവ്വ്

ഉറ്റവരെ നഷ്ടപ്പെടുമ്പോൾ അസഹനീയമായ ദുഃഖത്തിന്റെ കടലിൽ മുങ്ങിപ്പോകുന്നവരും കുറ്റബോധമോ വിഷാദമോ ഒറ്റപ്പെടലോ മറ്റു ജീവിത ഭാരങ്ങളോ താങ്ങാനാവാതെ വിഷമിക്കുന്നവരും ഏറെയുണ്ട്. ഇങ്ങനെയുള്ളവർക്കായുള്ള ഒരു കൂട്ടായ്മയാണ് ഉണർവ്വ്. എല്ലാ മാസവും ഒരു ദിവസം ഈ സഹയാത്രികർ ഒത്തുകൂടുന്നു.

ജി. രാജേശ്വരി

ഉറ്റവരെ നഷ്ടപ്പെട്ട് ഏകാന്തതയുടെയും ഒറ്റപ്പെടലിന്റെയും ദുഃഖത്തിൽ മുഴുകി ദുരിതക്കടലുകൾ നീന്തിക്കയറുന്നവരുടെ കൂട്ടായ്മയായ 'ഉണർവ്വി'ന്റെ മാസം തോറുമുള്ള സംഗമം ജൂലൈ 13ന് നടന്നു. ഇത്തവണത്തെ ഉണർവ്വിന്റെ ഏകോപനം ഭാസ്കരൻ സാറായിരുന്നു. ഭാസ്കരൻ സാറിന്റെ നേതൃത്വത്തിൽ കുമാരി അശ്വതിയുടെ ഈശ്വരപ്രാർത്ഥനയോടെയും ഷീലയുടെ സ്വാഗത പ്രസംഗത്തോടെയും സംഗമം ആരംഭിച്ചു.

ഇത്തവണ ഉണർവിന് മൂന്നു പുതിയ അംഗങ്ങൾ ഉണ്ടായിരുന്നു. പ്രൊഫ. രാമൻകുട്ടി, ഗീത, സുമംഗല എന്നിവരായിരുന്നു അതിഥികൾ.

ഉണർവ്വിന്റെ സംഘാടനം കുറച്ചു കൂടി മികവുറ്റതാക്കണമെന്ന് ഡോ. രാജഗോപാൽ തന്റെ ആമുഖ പ്രസംഗത്തിൽ സൂചിപ്പിച്ചു. അതിനായി രോഗികളുമായി നേരിട്ട് ബന്ധപ്പെടുന്നവർ അവരുടെ ഉറ്റവരെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ ശേഖരിച്ച് പുതിയ പുതിയ ആളുകളെക്കൂടി ഉണർവ്വിൽ പങ്കെടുപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. പലപ്പോഴും നാം രോഗിയിൽ

മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ രോഗിയുടെ പരിചരണത്തിനു നിൽക്കുന്നവരുടെ മാനസികാവസ്ഥയെകുറിച്ച് അറിയുന്നതിനു ശ്രമിക്കാറില്ല. ഈ രീതി മാറണമെന്നും ഡോ.രാജഗോപാൽ സൂചിപ്പിച്ചു. തുടർന്ന് എല്ലാവരും പരസ്പരം പരിചയപ്പെടുത്തി. ഉണർവ്വിൽ പങ്കെടുക്കാൻ തുടങ്ങിയ ശേഷം തന്നിലുണ്ടായ പരിവർത്തനത്തെ കുറിച്ച് വേണു കുമാരൻ നായർ വിശദീകരിച്ചു. ഉണർവ്വിലെ പലരെയും തങ്ങൾക്ക് മാതൃകയാക്കാൻ സാധിക്കും എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

അംഗങ്ങൾക്ക് ഉണർവ്വും ഉത്തേജനവും നൽകുന്നതിനായി ഭാസ്കരൻ സാർ വളരെ രസകരമായ ഒരു മഴക്കളി അവതരിപ്പിച്ചു. അതിനു ശേഷം അംഗങ്ങൾ ഉണർവ്വിലെ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെച്ചു. കലാപരിപാടികളായിരുന്നു അടുത്തത്. ബേബിച്ചേട്ടൻ, കസ്തൂരി, അനന്തു, ലിനു, മന്യ എന്നിവരുടെ ശ്രവണ മധുരമായ ഗാനങ്ങൾ വളരെ ആസ്വാദ്യകരമായിരുന്നു. ഇതിനിടയിൽ കലാ സന്തോഷിന്റെ വകയായി പഴംപൊരിയും അരിയുണ്ടയും ലീലാ സുരേന്ദ്രന്റെ കേക്കും മനസ്സിനു മധുരമേകി. പുതിയ അംഗങ്ങളായ ഗീതയും സുമംഗലയും ഉണർവ്വ് കൂടുതൽ കെട്ടുറപ്പുള്ളതാക്കുന്നതിന് എന്തു ചെയ്യാൻ കഴിയും എന്നതിനെ കുറിച്ച് വിശദീകരിച്ചു.

കാൻസറിനെയും പ്രതിരോധ മാർഗ്ഗങ്ങളെയും ഭക്ഷണരീതികളെയും മറ്റ് ആരോഗ്യ സംബന്ധമായ കാര്യങ്ങളെയും കുറിച്ചുള്ള ചർച്ചകൾ അംഗങ്ങളിൽ ഒരു അവബോധം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വേണു കുമാരൻ നായർ സാർ സംസാരിച്ചു. അടുത്ത മാസത്തെ സംഗമത്തിന് അത്തരമൊരു പ്രഭാഷണം നടത്തുന്നതിനായി വേണു സാറിനെ ചുമതലപ്പെടുത്തി. യോഗത്തിൽ അദ്ധ്യക്ഷനായിരുന്ന രാമൻകുട്ടി, തനിക്ക് ഇത് ഒരു പുതിയ അനുഭവമാണെന്നും ഇത്തരം സംഗമങ്ങൾ വളരെയധികം പ്രയോജനപ്രദമാണെന്നും അഭിപ്രായപ്പെട്ടു. ജി. രാജേശ്വരി എല്ലാവർക്കും കൃതജ്ഞത പ്രകാശിപ്പിച്ചു. പ്രതീക്ഷകളുടെയും പുത്തൻ ഉണർവ്വിന്റെ പുതിയൊരു പ്രഭാതത്തിലേക്കായി വീണ്ടും കാണാമെന്ന പ്രത്യാശയോടെ പരസ്പരം കൈകോർത്ത് പിടിച്ച് പൊട്ടിച്ചിരിച്ചു കൊണ്ട് എല്ലാവരും പിരിഞ്ഞു ●

ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരെ പാലിയേറ്റീവ് കെയർ പരിശീലിപ്പിക്കുന്നതിനായി ദേശവ്യാപകമായ ഒരു സംരംഭത്തിന് പാലിയം ഇന്ത്യയും പബ്ലിക് ഹെൽത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയും ചേർന്നു തുടക്കമിട്ടു. എല്ലാ ഭാരതീയർക്കും മെച്ചപ്പെട്ട ആരോഗ്യം എന്ന ലക്ഷ്യത്തോടെ ദേശീയതലത്തിൽ, സർക്കാർ പിന്തുണയോടെ പ്രവർത്തിക്കുന്ന സംഘടനയാണ് പബ്ലിക് ഹെൽത്ത് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ.

കാൻസറിന്റെ വേദനയ്ക്ക് റേഡിയോതെറാപ്പി

കാൻസർ മൂലമുള്ള വേദനയുടെ ചികിത്സക്കായി 2019ൽ ലോകാരോഗ്യ സംഘടന പ്രസിദ്ധീകരിച്ച മാർഗ്ഗരേഖ നമുക്കെല്ലാം വളരെ പ്രയോജനപ്പെട്ടതാകാൻ സാധ്യതയുണ്ട്. ഈ മാർഗ്ഗരേഖകളിൽ റേഡിയോതെറാപ്പിയെപ്പറ്റി പറയുന്നതാണ് ഇവിടെ പ്രസക്തമാകുന്നത്.

എല്ലുകൾ കാൻസർ ബാധിതമാകുമ്പോഴുണ്ടാകുന്നതരം വേദന സാധാരണ മറ്റു വേദനകളെക്കാളും പലപ്പോഴും വളരെ തീവ്രമാകാറുണ്ട്. പ്രത്യേകിച്ചും നട്ടെല്ലിന്റെ കാര്യത്തിൽ ഇത് അപകടകരമായ രീതിയിൽ ഒടിവുകളുണ്ടാക്കാനും അരയ്ക്കു കീഴെ ചലനശേഷി നഷ്ടപ്പെടാനും കാരണമായേക്കാം. ഇത്തരം വലിയ അപകടം ഒഴിവാക്കാനും വേദന മാറ്റാനും ഒരൊറ്റ പ്രാവശ്യം റേഡിയോതെറാപ്പി നൽകുന്നതാണ് നല്ലതെന്ന വ്യക്തമായ ശുപാർശ ഈ മാർഗ്ഗരേഖയിലുണ്ട്.

ഇതിവിടെ എടുത്തു പറയുന്നതിനു കാരണം, മിക്കവാറും രോഗബാധിതർക്ക് പല ആശുപത്രികളിലും പാലിയേറ്റീവ് റേഡിയേഷൻ പല ദിവസങ്ങളിലായി നൽകുന്നത് പതിവാണ് എന്നതാണ്. ഇതിന് രണ്ടു പ്രധാന ബുദ്ധിമുട്ടുകളുണ്ട്. ഒന്ന്, ചെലവ്. ഓരോ ദിവസവും അടിക്കുന്ന റേഡിയേഷന് പ്രത്യേകം പ്രത്യേകം ബില്ലിംഗ് ഉണ്ടാകാനാണ് സാധ്യത. ഒരൊറ്റ ഡോസിൽ എല്ലിന് ആവശ്യമുള്ള റേഡിയേഷൻ നൽകുമ്പോൾ സാമ്പത്തിക ഭാരം വളരെ കുറയും.

രണ്ടാമതായി, ഒരൊറ്റ പ്രാവശ്യം റേഡിയേഷൻ നൽകുമ്പോൾ രോഗിയുടെ ജീവിതസൗഖ്യം വളരെയധികം മെച്ചപ്പെടാനാണ് സാധ്യത. ഇത് ജീവിതം പരിമിതപ്പെട്ട രോഗിയാണെന്ന് ഓർക്കുക. ഓരോ ദിവസവും ആശുപതിയിൽ പോയി വരിക, നീണ്ട മണിക്കൂറുകൾ കാത്തു കിടക്കുക; തനിച്ചാവുമ്പോൾ, അല്ലെങ്കിൽ അടച്ച മുറിയിലാകുമ്പോൾ, ഭയമോ പരിഭ്രാന്തിയോ കൊണ്ടുള്ള ബുദ്ധിമുട്ടുകൾ വേറെ. പത്തു ദിവസത്തെ ആശുപത്രി യാത്രയ്ക്കു ഇത്തരം ദുരിതങ്ങൾക്കും പകരം ഒരു ദിവസം കൊണ്ട് ഇതെല്ലാം തീർന്നാൽ ശിഷ്ടജീവിതം അത്രയും സുഖമായി ചിലവഴിക്കാം.

യാതൊരു സംശയത്തിനും വകയില്ലാത്ത രീതിയിൽ ഉയർന്ന നിലവാരമുള്ള തെളിവുകളാണ് (ഹൈ ക്വാളിറ്റി എവിഡൻസ്) ഈ ശുപാർശയ്ക്കായി ലോകാരോഗ്യ സംഘടന അവലംബമായി ചൂണ്ടികാണിക്കുന്നത്.

ആഗോള പാലിയേറ്റീവ് കെയർ ദിനം

ഈ വർഷത്തെ ആഗോള പാലിയേറ്റീവ് കെയർ ദിനം ഒക്ടോബർ 12നാണ് ആചരിക്കുന്നത്. എല്ലാ വർഷവും ഒക്ടോബർ മാസത്തെ രണ്ടാമത്തെ ശനിയാഴ്ചയാണ് ആഗോള പാലിയേറ്റീവ് കെയർ ദിനമായി ആചരിക്കുന്നത്. പാലിയേറ്റീവ് കെയർ ദിനത്തിന്റെ ഈ വർഷത്തെ പ്രമേയം 'പാലിയേറ്റീവ് കെയർ: എന്റെ പരിചരണം, എന്റെ അവകാശം' (Palliative Care: My Care, My Right) എന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി www.thewhpca.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

മനസ്സിൽ പെയ്തിറങ്ങിയ മഞ്ഞുതുള്ളി

ലളിത എസ്.

അമ്മയുടെയും ഭർത്താവിന്റെയും അനുഗ്രഹം വാങ്ങി, അമ്മ കൈനീട്ടമായി തന്ന 100 രൂപയിട്ട പെട്ടിയുമായി പടിയിറങ്ങുമ്പോൾ വല്ലാത്തൊരാത്മവിശ്വാസമായിരുന്നു. മഞ്ഞുതുള്ളി പെയ്തിറങ്ങും. രോഗികൾക്കുള്ള സഹായ നിധിക്കൊപ്പം മഞ്ഞുതുള്ളി ശ്രദ്ധിയ്ക്കപ്പെടുമെന്നൊരു തോന്നൽ. വരും വർഷങ്ങളിൽ നല്ല ചിത്രങ്ങൾ തെരഞ്ഞെടുക്കാൻ ആരൊക്കെയോ കാത്തിരിക്കുമെന്ന വിശ്വാസം.

ഇത്തവണ പണിയിത്തിരി കടുത്തു. എന്റെയൊപ്പം നിന്നവർ വല്ലാതെ കഷ്ടപ്പെട്ടു. മ്യൂസിയം ഹാളിൽ ചിത്രങ്ങൾ അടുക്കാൻ തുടങ്ങിയപ്പോൾ തുള്ളിക്കൊരുകുടം പെയ്ത് നദിയായൊഴുകി. എവിടെ, എങ്ങനെയടുക്കുമെന്ന ചോദ്യം മനസ്സിൽ. പ്രതീക്ഷിക്കാതെയുള്ള വരവായതിനാൽതന്നെ ആദ്യമൊന്ന് പകച്ചു. പിന്നെ എല്ലാം ബ്രഹ്മമയമെന്ന ഒറ്റ സമാധാനം. എല്ലാവരും ചേർന്നങ്ങടുക്കു തുടങ്ങി. പതിവിനു വിപരീതമായി ഒരുപാട് ചെറിയ ചിത്രങ്ങൾ; നൂറുരൂപയിൽ തുടങ്ങി 1000 രൂപയിലവസാനിക്കുന്ന ചിത്രങ്ങളായിരുന്നു കൂടുതലും. അതും പലതിലും വരച്ചയാളിന്റെ പേരില്ല. വിലയില്ല. തുടക്ക ദിവസവും ചിത്രങ്ങളുടെ ഒഴുക്ക് തുടർന്നു. 'പങ്കെടുക്കാൻ താപ്പര്യമുണ്ട്, ചിത്രം കൊണ്ടുവരട്ടെ?' പല കോളുകൾ. അടുത്ത വർഷമാകട്ടെ, മുഖ പരിചയമില്ലാത്തവരോടൊക്കെ പറഞ്ഞു. എന്തുകൊണ്ട്? ഒരാൾ അല്പം ചൂടായി. ഒന്നുമില്ല സർ, ഇതുകണ്ടില്ലേ? സ്റ്റാന്റുകൾ നിറഞ്ഞുകവിഞ്ഞ് തറയിലും നിരത്തിയിരിക്കുന്നു. ഇനി എവിടെ വയ്ക്കും?അദ്ദേഹമൊന്ന് തണുത്തു. നല്ല ചിത്രങ്ങൾ മാത്രം മതിയെന്നൊരു കൂട്ടർ. ചെറിയ ചിത്രങ്ങൾ മതി. വിറ്റു പോകാനതാണെളുപ്പമെന്ന് മറ്റൊരു കൂട്ടർ. അടുത്ത വർഷം കുറച്ചു മാനദണ്ഡങ്ങൾ വച്ചു വേണം നടത്താൻ. എല്ലാം കേട്ടു. ഉൾക്കൊണ്ടു.

ഇതൊരു പുണ്യപ്രവൃത്തിയാണ്. എന്റെ മനസ്സിൽ ഇതിന് മഞ്ഞുതുള്ളിയുടെ പരിശുദ്ധിയാണ്. ആരെയും നോവിക്കാനും വെറുപ്പിക്കാനും വയ്യ. കച്ചവടത്തിനാണ് ചിത്രങ്ങൾ. എന്നാൽ കച്ചവടത്തിന്റെ കെട്ടുമട്ടുകൾ പറ്റുന്നുമില്ല: നിറമനസ്സോടെ ഒരാൾ തരുന്നത് നിരസിക്കാനും, പൂർണ്ണമായി ഉൾക്കൊള്ളാനും കഴിയുന്നില്ല. എന്നാലും അടുത്ത വർഷം ആർക്കും പരുക്കില്ലാതെ കുറച്ച് വ്യവസ്ഥയൊക്കെയാകാം.

പതിവുപോലെ കലാകാരന്മാരെല്ലാം നല്ല ഉഷാറിലായിരുന്നു. ചിത്രങ്ങൾ അടുക്കിക്കഴിഞ്ഞപ്പോഴേയ്ക്കും പനിക്കോളുമായി വീടെത്തിയ സജിത് റമഡിതീരെ കിടപ്പിലായിട്ടും ഇടയ്ക്കിടയ്ക്ക് ചിത്രങ്ങളുടെ വില്പന എങ്ങനെയെന്നന്വേഷിച്ചു കൊണ്ടേയിരുന്നു. ഫോൺകോളും സന്ദേശവും കിട്ടിയ ഉടനേ ഡൽഹിയിൽ നിന്ന് ബെൻ, നാലാം തീയതിയിലെ പരിപാടി രണ്ടാം തീയതിയെന്ന് കരുതി എത്തിച്ചേർന്നു. മാത്രമല്ല, മൂന്ന് ദിവസവും ഊണിനു പോലുമെഴുന്നേൽക്കാതെ വരച്ചിട്ട ചിത്രങ്ങൾ എല്ലാവരിലും കൗതുകമുണർത്തി. ഇരുപത്തിയഞ്ചോളം ശിഷ്യരുമായെത്തിയ ജോർജ് ഫെർണാണ്ടസ്, പ്രിയ സുഹൃത്തിന്റെ മരണാനന്തര ചടങ്ങിനു ശേഷം ചിത്രങ്ങളുമായെത്തിയ വർഗ്ഗീസ് വെട്ടുകാട്, ശില്പങ്ങളുമായെത്തിയ പ്രശസ്ത ശില്പികൾ ആര്യനാട് രാജേന്ദ്രൻ,

ശിവരാമൻ, ചിത്രകലയിൽ അഗ്രഗണ്യനായ ടി.എൽ ജോൺ, ജയപ്രകാശ് പഴയിടം, ബിന്ദു കൊട്ടാരക്കര, രമണിക്കുട്ടി ടീച്ചർ, ഡോ. മോളിക്കുട്ടി എബ്രഹാം, രാജൻ തിരുമല എന്നിവർ മുൻനിരയിൽ. ഞങ്ങളുടെ കുഞ്ഞ് ചിത്രകാരി അനവദ്യയ്ക്ക് ഇത്തവണ കാരിക്കേച്ചർ വരയ്ക്കാൻ ഇത്തിരി സമയമേ കിട്ടിയുള്ളൂ. പ്രശസ്ത കാർട്ടൂണിസ്റ്റും ചിത്രകാരനുമായ പി.വി കൃഷ്ണൻ പേപ്പറിൽ കോറിയിട്ട് തുടക്കം.

പാലിയം ഇന്ത്യ ചെയർമാൻ ഡോ.രാജഗോപാലിന്റെ അദ്ധ്യക്ഷതയിൽ ആരതിയുടെ ആർദ്രവും ശ്രുതിമധുരവുമായ ഈശ്വര പ്രാർത്ഥനയോടെ ആരംഭിച്ച ചടങ്ങ് പി.വി കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഡോ.അജയൻ, രാജേശ്വരി, ആര്യനാട് രാജേന്ദ്രൻ എന്നിവർ ആശംസകൾ നേർന്നു. ബാബു എബ്രഹാമിന്റെ നന്ദി പ്രകാശനത്തോടെ ഉദ്ഘാടനച്ചടങ്ങ് അവസാനിച്ചു; പ്രദർശന വില്പന ആരംഭിച്ചു.

ചിത്രം വാങ്ങിയ പ്രമുഖരുടെ കൂട്ടത്തിൽ മുൻ ചീഫ് സെക്രട്ടറി ലിസി ജേക്കബ്, വിജിലൻസ് ജഡ്ജിയും ദേവസ്വം കമ്മീഷണറുമൊക്കെയായിരുന്ന എൻ. വാസു എന്നിവർ ഉൾപ്പെടുന്നു. പാലിയം ഇന്ത്യ കുടുംബം ഒത്തൊരുമിച്ചു നിന്ന് നടത്തിയ പരിപാടി വിജയകരമാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി.

ചിത്രം വിറ്റുകിട്ടിയ തുകയുടെ കണക്കു നോക്കി ജൂലൈ പന്ത്രണ്ടാം തീയതി ഓട്ടോയിൽ തിരിച്ചു വരുമ്പോൾ സ്റ്റാച്യുവിലെ ടിവാൻഡ്രം ഹോട്ടലിന്റെ മുന്നിലൊരു ചിത്രം കണ്ടു. 'മഞ്ഞുതുള്ളി'യിൽ ഞാൻ കാണാത്തൊരു ചിത്രം. പ്രായമായൊരമ്മ. കുറച്ചു ബയന്റ് പെട്ടികൾ കീറി അടുക്കി കെട്ടിയ രണ്ട് കെട്ടുകൾ, തലയിൽ ചുമക്കാൻ പറ്റാത്തതിനാലാവാം ഒരു ചരട് നീളത്തിൽ കെട്ടി അതിന്റെ ഒരറ്റം അരയിൽ കെട്ടിയിരിക്കുന്നു. അവർ നിൽക്കുന്നതിന്റെ ഒന്നരയടി ദൂരത്തിലാണ് കെട്ടുകൾ. ഏതോ ആക്രിക്കടയിലേക്കാണോ? തീ കത്തിക്കാനാണോ? അറിയില്ല. റോഡ് മുറിച്ചുകടക്കാൻ ശ്രമിച്ചപ്പോൾ കഴിയാതെ മധ്യഭാഗത്തകപ്പെട്ടു നില്ക്കയാണ്. ആ അമ്മയുടെ രണ്ടു വശത്തുകൂടിയും വാഹനങ്ങൾ കടന്നു പോകുന്നു. ഓട്ടോക്കാരനും ആ കാഴ്ച ശ്രദ്ധിച്ചു. 'ജീവിക്കാൻ വേണ്ടിയുള്ള പങ്കപ്പാടുകൾ!' അയാൾ പിറുപിറുത്തു.

'ഓട്ടോ ഒന്ന് നിർത്താമോ? ആ കെട്ടെടുത്ത് അവരേയും കയറ്റി എത്തേണ്ടിടത്തെത്തിക്കാം.'

അപ്പോഴേയ്ക്കും ഓട്ടോറിക്ഷ കുറേ ദൂരം പിന്നിട്ടുകഴിഞ്ഞിരുന്നു. വണ്ടി തിരിക്കാനയാൾ താല്പര്യം കാണിച്ചില്ല. വീട്ടിലെത്തിയിട്ടും പണിത്തിരക്കിൽപ്പെട്ടിട്ടും ഈ ഒരു ചിത്രം എന്നെ വേട്ടയാടിക്കൊണ്ടിരുന്നു ●

ഈ വർഷത്തെ 'ഡോക്ടർസ് ഡേ'യിൽ പാലിയം ഇന്ത്യയിലെ ഡോക്ടർമാർക്ക് നഴ്സിംഗ് ടീമിൻറെ സമ്മാനം.

മഞ്ഞുതുള്ളി -
ചിത്ര പ്രദർശന വിൽപന
പരിപാടിയിൽ നിന്ന്

Sahayatra Monthly,
Published on August 5, 2019
വില 15 രൂപ

RNI.No.KERMAL/2009/30023
Registered KL/TV(N)657/2018-2020
KL/TV(N)/WPP/242/2018-20

Printed & Published by Dr.M.R.Rajagopal on behalf of Pallium India Trust, and Printed at Chasimar, Convent Lane, G.H.Junction, Trivandrum-695001 and Published at T.C. 14/603, Santhi, PJRRA-65. Pothujanam Lane, Kumarapuram, Medical College.P.O., Trivandrum-695011. Editor: Dr.M.R.Rajagopal.